
KNANAYADEEPAM
SINCE 1989

# ക്നാനായ ദീപം

Vol: 31 / Issue: 9 September 2020 ₹ :15/-



**പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ**
**ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ**
**14-ാം ശ്രാദ്ധപ്പെരുന്നാൾ**



# ആദരാഞ്ജലികൾ



യശ:ശരീരനായ
മുൻ രാഷ്ട്രപതി
പ്രണബ് കുമാർ മുഖർജിക്ക്
ക്നാനായ സമുദായത്തിന്റെ
ആദരാഞ്ജലികൾ


കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

**Bank Details**
A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam, IFSC SBIN0070128
E-mail: kna.deepam@gmail.com,
Whats App No. 8547584440

Contact: ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440



SINCE 1989

# ക്നാനായ ദീപം

2020 സെപ്റ്റംബർ പുസ്തകം 31 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

നന്മയുള്ള നേതൃത്വം; കാലം ആവശ്യപ്പെടുന്ന സുവിശേഷം! 08
സുനിൽ ഡി. കുരുവിള

ശക്തനായ കപ്പിത്താൻ മോർ ക്ലീമ്മീസ് തിരുമേനി 10
ഫാ. ജേക്കബ് കല്ലുകുളം

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

ഇന്ത്യയുടെ വിദ്യാഭ്യാസ ഉദാരവത്കരണ നയം 18
ഡോ. ബാബു സെബാസ്റ്റ്യൻ

സ്ലീബാ പെരുന്നാൾ 19
ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ

ഇങ്ങനെയും ജീവിതം 20
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

മാതൃത്വം മഹത്വമാണ് 20
റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ

21 എട്ടുനോമ്പിന്റെ പ്രസക്തിയെന്ത്? അത് ആചരിക്കേണ്ടതുണ്ടോ?
മല്പാനോടു ചോദിക്കാം

23 സമാധി
ഡോ. ഐബി ജോസ്, കിഴക്കേടത്ത്

25 മതവും ആത്മീയതയും
റിയു റോയി മുളമൂട്ടിൽ

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

35 നന്മ ചെയ്യുക
ഫാ. സിജിൽ ജോസ്, വിലങ്ങൻപാറ

36 സംഭാഷണം- ഒരു കല
റ്റി. സി തോമസ് തോപ്പിൽ

38 രക്ത സാക്ഷികളായ പിതാക്കന്മാർ 'വിശുദ്ധ സ്നാപകയോഹന്നാൻ'
പുന്നൂസ് ഇടിക്കുള, റാന്നി

41 മാട്രിമോണിയൽ

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

Visit www. knanayadeepam.com

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial
## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ആകാശങ്ങളുടെ ഉയരങ്ങളെ കീഴടക്കാൻ ശാസ്ത്രത്തിന്റെ ചിറകു വിടർത്തി കുതിക്കുന്ന മനുഷ്യൻ ഈ ഭൂപ്പരപ്പിൽ എത്ര നിസ്സാരനാണ്. നക്ഷത്രങ്ങളുടെ ഇടയിൽ കൂടുകൂട്ടാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ പ്രകൃതി ശക്തികളുടെ മുമ്പിൽ എത്ര നിസ്സഹായനാണ്. കൃമീകീടങ്ങൾ ചത്തടിയുന്നതുപോലെ അല്ലേ മനുഷ്യൻ പ്രകൃതി ക്ഷോഭങ്ങളുടെ ചീറ്റലിൽ ചത്തടിയുന്നത്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി നമ്മുടെ കൊച്ചു കേരളത്തിൽപോലും ഉരുൾപൊട്ടൽ നിമിത്തവും പേമാരി മൂലവും വെള്ളപ്പൊക്കം നിമിത്തവും അനേകം ആളുകൾ മരണപ്പെട്ടു. ഈ മാസത്തിൽതന്നെ മൂന്നാറിൽ നടന്ന ദുരന്തവും കരിപ്പൂരിൽ നടന്ന വിമാന അപകടവും എല്ലാം മനുഷ്യനെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ്. കോവിഡ് 19-നിമിത്തം ലോകം മുഴുവനും പ്രത്യേകിച്ച് ഇൻഡ്യയും ദുരിതത്തിൽ കഴിയുന്ന ഈ കാലയളവിൽ ലൂക്കോ. 21:20-28 വരെയുള്ള വാക്യങ്ങളിൽ എഴുതിയിരിക്കുന്നതുപോലെ ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കി പാർത്തും കൊണ്ട് മനുഷ്യർ നിർജീവന്മാർ ആയിരിക്കുന്നു. ഇന്ന് എല്ലായിടത്തും നിയന്ത്രണങ്ങളാണ്. വിവാഹം, ആരാധന, ശവസംസ്ക്കാരം എന്നിവയിൽ ചുരുക്കം പേർക്കുമാത്രം പങ്കെടുക്കാവുന്ന അവസ്ഥ. രോഗികളെ സന്ദർശിക്കാൻ പറ്റാത്ത സ്ഥിതി, ചികിത്സക്ക് ആശുപത്രിയിൽ പോകാനുള്ള നിയന്ത്രണങ്ങൾ, അവിടവിടായി കൊറോണ രോഗികൾ ഉണ്ടെന്ന വാർത്ത ഇതൊക്കെയും മനുഷ്യരെ ആകെ ഭീതിയിൽ ആഴ്ത്തിയിരിക്കുകയാണ്.

നാം ജീവിക്കുന്നത് പ്രശ്നങ്ങൾ നിറഞ്ഞ ലോകത്തിലാണ്. പ്രശ്നങ്ങളുടെ നീണ്ട പട്ടികയുമായാണ് ഓരോ ദിവസവും ആരംഭിക്കുന്നതും അവസാനിക്കുന്നതും. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ വരുമ്പോൾ പതറാത്ത ഹൃദയങ്ങളില്ല. അനേകരും പ്രശ്നങ്ങളെയും പ്രതിബന്ധങ്ങളേയും നോക്കിനിന്ന് നെടുവീർപ്പിട്ട് നാളുകൾ തള്ളി നീക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ജീവിതം തകർന്നും തളർന്നും പോകുകയല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ല. പ്രശ്നങ്ങളെ ഭയപ്പെട്ട് മാറുന്നത് ഭീരുത്വമാണ്. അവയെ ദൈവവിശ്വാസത്തോടും നിശ്ചയ ദാർഢ്യത്തോടും കൂടെ അഭിമുഖീകരിക്കുകയാണ് വേണ്ടത്. ലോക മഹാന്മാരായി ഉയർന്നിട്ടുള്ള എല്ലാവരും തന്നെ പ്രതികൂലങ്ങളോട് മല്ലിട്ട് ജയിച്ചിട്ടുള്ളവരാണ്. പ്രശ്നങ്ങളെക്കണ്ട് ഭയന്നോടിയവർ ഒന്നും തന്നെ സാധിച്ചിട്ടില്ല.

അന്ധാളിപ്പിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ജീവിതത്തിലുണ്ടാകുമ്പോൾ പിന്മാറി പോകുന്നതിനുള്ള പ്രവണത നമ്മിലുണ്ടാകാറുണ്ട്. എന്നാൽ പ്രതികൂല സാഹചര്യങ്ങളിൽ ഭയപ്പെടാതെ മുന്നോട്ടുപോകുവാൻ ദൈവം ആഗ്രഹിക്കുന്നു. മിസ്രയീമിൽനിന്ന് വിടുവിക്കപ്പെട്ട യിസ്രായേൽ ജനം ചെങ്കടലിനരികെ വന്നു. പിറകോട്ടു നോക്കിയപ്പോൾ മിസ്രയിം സൈന്യം, മുമ്പോട്ടു പോകുവാൻ നിവൃത്തിയില്ല. ജനം ഭയപ്പെട്ട് മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചു. (പുറ. 14:12) മിസ്രയിമ്യർക്ക് വേല ചെയ്യുവാൻ ഞങ്ങളെ വിടേണം എന്നു നിലവിളിച്ചു. പ്രതിസന്ധികളിൽ ജോലി ഉപേക്ഷിച്ചവരും പ്രവർത്തനങ്ങളിൽ വിരാമമിട്ടവരും, പിന്മാറിയവരും ഉണ്ട്. ചുരുക്കം ചിലർ ജീവിതം തന്നെ മതിയാക്കിയിട്ടുണ്ട്. ഭയപ്പെടുന്ന സാഹചര്യങ്ങളിൽ ദൈവത്തിന്റെ ദൂത് (പുറ. 14:15) മുമ്പോട്ട് പോകുവാൻ യിസ്രായേൽ മക്കളോടു പറക എന്നായിരുന്നു. അതുകൊണ്ട് പിമ്പിലുള്ളത് മറന്നു മുമ്പിലുള്ള ലക്ഷ്യം കണ്ടുകൊണ്ട് സ്ഥിരതയോട് ഓടണം അങ്ങനെ ഉള്ളവർക്കു മാത്രമേ കിരീടം ലഭിക്കുകയുള്ളു.

പ്രകൃതി ശക്തികളിൽനിന്ന് നാശനഷ്ടങ്ങളുണ്ടാവുകയും, ഭയപ്പെടുകയും ചെയ്തപ്പോൾ അവക്ക് ദൈവത്വം നൽകി ആരാധിച്ചതിലൂടെ ഉത്ഭവിച്ച മതവും, അലഞ്ഞു തിരിഞ്ഞ് അജ്ഞതയിലും അർത്ഥമില്ലാത്ത ആരാധനയിലും ഇരുന്ന ജനത്തിന് ദൈവിക വെളിപാടും ആത്മീക നേതാവും ലഭിച്ചതിലൂടെ രൂപപ്പെട്ട മതവും, അനൈകൃതയിലും, ബഹുദൈവ വിശ്വാസത്തിലും കലഹിച്ചുകൊണ്ടിരുന്ന ജനത്തിന് ഏക ദൈവവിശ്വാസം നൽകി ഒന്നാക്കാനായി ഉടലെടുത്ത മതവും, മനുഷ്യന് ഉത്തരം കണ്ടെത്താൻ കഴിയാത്ത രോഗം, കഷ്ടത, ദുഖം, മരണം എന്നിവയിൽനിന്നുള്ള മോചനത്തിനുള്ള മാർഗ്ഗം തപസ്സിൽക്കൂടെ കണ്ടെത്തിയവർ സ്ഥാപിച്ച മതങ്ങളും, മറ്റ് പ്രാകൃത മതങ്ങളും ഇന്നു ലോകത്തുണ്ട്. ഇതെല്ലാം മനുഷ്യന്റെ നന്മ, സന്തോഷം, സുരക്ഷിതത്വം, സമാധാനം, സ്നേഹം, അനുഗ്രഹം, ആശ്വാസം, ധാർമ്മിക ജീവിതമൂല്യം, സ്വർഗ്ഗം അഥവാ മോക്ഷം എന്നിവയ്ക്കുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന് കണ്ടെത്താൻ ഒരു പ്രയാസവുമില്ല. മതങ്ങൾ മനുഷ്യനുവേണ്ടിയാണ് നിലകൊള്ളുന്നത്. ഓരോ മതത്തിലും വിശ്വസിക്കുന്നത് മനുഷ്യരാണ്. അതുകൊണ്ട് മതങ്ങൾ തമ്മിലുള്ള മത്സരങ്ങളും വെല്ലുവിളികളും സംഘട്ടനങ്ങളുമുണ്ടായാൽ മനുഷ്യരുടെ സമാധാനവും സ്വസ്ഥതയും സൈര്യജീവിതവുമാണ് തകരുന്നത്. അവനവന്റെ മതത്തോട് വൈകാരിക ബന്ധമാണുള്ളത്. ഒരുവന്റെ മതത്തെ തൊട്ടു കളിക്കാൻ മറ്റാരേയും അനുവദിക്കുകയില്ല. മതത്തിനുവേണ്ടി ജീവൻ ത്യജിക്കാൻപോലും മനുഷ്യൻ തയ്യാറായിട്ടുണ്ട്. ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

എന്നാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ മതം അല്ലായിരുന്നു, മാർഗ്ഗമായിരുന്നു. മതപ്രകാരം ക്രിസ്തു ക്രിസ്ത്യാനി അല്ലായിരുന്നു. ഒരു യഹൂദനായിരുന്നു. ഒരു യാഥാസ്ഥിതിക മതവാദിയായിരുന്നില്ല. അനാചാരങ്ങളിലും ദുഷിച്ച ചതിവുകളേയും എതിർത്ത റിബൽ ആയിരുന്നു. ക്രിസ്ത്യാനികൾ ഉണ്ടായത് ക്രിസ്തുവിനു ശേഷമാണ്. അന്ത്യോക്യയിൽ വച്ചാണ് ആ പേരു തുടങ്ങുന്നത് (അപ്പോ.പ്ര. 11:26). ക്രിസ്തു ഒരു മതവും സ്ഥാപിച്ചിട്ടില്ല. മാർഗ്ഗം

*ശേഷം 9 – ാം പേജിൽ*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



സെപ്തംബർ (ഈലൂൽ) മാസത്തിൽ സുറിയാനി സഭയുടെ മക്കൾ ആചരിക്കുന്ന പ്രധാന പെരുന്നാളാണ് "സ്ലീബാപെരുന്നാൾ". അന്നേ ദിവസമാണ് നമ്മുടെ കർത്താവിനെ ക്രൂശിച്ച കുരിശു കണ്ടെടുത്തത്.

കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ സ്ലീബായുടെ അടയാളം ദർശിക്കുകയും, സ്ലീബായെ ബഹുമാനിച്ച രാജാവ് യുദ്ധങ്ങളിൽ വിജയം പ്രാപിക്കയും അങ്ങനെ അദ്ദേഹം ക്രിസ്ത്യാനി ആയിത്തീരുകയും, ക്രൈസ്തവ സഭ രാജ്യത്തിന്റെ സഭയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഇതു എ.ഡി. 313 ൽ സംഭവിച്ചു.

കുസ്തന്തീനോസ് രാജാവിന്റെ മാതാവായ 'ഹേലേന' രാജ്ഞി കർത്താവിനെ ക്രൂശിച്ച ക്രൂശ് കണ്ടെടുപ്പാനായി യറുശലേമിലേക്കു പോകുകയും യഹൂദന്മാരെ കൂട്ടി അതിനുള്ള മാർഗ്ഗം ആരായുകയും ചെയ്തു. തങ്ങളുടെ നേതാവായി ഒരാളുണ്ടെന്നും, അദ്ദേഹത്തോടാരാഞ്ഞാൽ സ്ലീബാ വച്ചിരിക്കുന്ന സ്ഥാനം അദ്ദേഹം പറഞ്ഞു തരും എന്നു യഹൂദന്മാർ രാജ്ഞിയെ അറിയിച്ചു. അങ്ങനെ സ്ലീബാ കണ്ടെത്താനുള്ള ശ്രമം വിജയിക്കുകയും ഗോഗുൽത്തായുടെ സമീപമുള്ള ഒരു കുളത്തിൽനിന്നും നമ്മുടെ കർത്താവിനെ വഹിച്ച കുരിശു കണ്ടെടുക്കുകയും ചെയ്തു. എ.ഡി. 314 സെപ്തംബർ മാസം 14-ാം തീയതിയിലാണ് പരിശുദ്ധ സ്ലീബാ ഹെലേന രാജ്ഞി കണ്ടെടുത്തത്. കുരിശു കണ്ടെടുത്ത വിവരം കുസ്തന്തീനോസ് പോലീസിൽ (പട്ടണം) അറിയിക്കുന്നതിനായി യറുശലേം മുതൽ കുസ്തന്തീനോസ് പട്ടണം വരെയുള്ള ഉയർന്ന പർവ്വതങ്ങളുടെ മുകളിൽ തീ കത്തിക്കുകയും ചെയ്തു. ഈ ഒരു പാരമ്പര്യം സിറിയ രാജ്യത്തു കാണാൻ സാധിക്കും. സിറിയായിൽ വിശുദ്ധ തക്ളായുടെ കബറിടം സ്ഥിതി ചെയ്യുന്ന 'മാലുല' എന്ന പർവ്വതത്തിന്റെ മുകളിൽ ഇപ്പോഴും ഈ പെരുന്നാൾ പഴയ സംഭവത്തെ അനുസ്മരിച്ച് ഉയരത്തിൽ തീ കത്തിച്ച് ആഘോഷിക്കുന്നു.

സ്ലീബാപ്പെരുന്നാൾ ആചരിക്കുന്ന സഭയുടെ മക്കൾ കർത്താവിന്റെ വചനം അനുസരിക്കണം. കർത്താവു പറഞ്ഞു "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്തു എന്റെ പിന്നാലെ വരട്ടെ" (മത്താ.16:24) നമ്മുടെ കർത്താവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം ത്യജിക്കണം. എന്താണിത് അർത്ഥമാക്കുന്നത്? സ്വാർത്ഥതാല്പര്യം ഹനിക്കണം, ദൈവഹിതത്തിനു കീഴ്പ്പെടണം. എങ്കിലും എന്റെ ഹിതമല്ല, കർത്താവിന്റെ ഇഷ്ടം തന്നെ ആകട്ടെ. (ലൂക്കോ. 22:42) എന്ന നമ്മുടെ കർത്താവിന്റെ മനോഭാവത്തോടു നാം താദാത്മ്യപ്പെടണം. നാം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടണം. ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തു എന്നിൽ ജീവിക്കുന്നു (ഗലാ. 2:20) എന്ന പൗലോസപ്പസ്തോലന്റെ അനുഭവം നമ്മിൽ പ്രതിഫലിക്കണം.

രണ്ടാമതു നാം സ്ലീബാ വാഹികളായി കർത്താവിനെ അനുഗമിക്കണം. നമ്മുടെ പിതാക്കന്മാർ കുരിശു വാഹികളായി ദൈവ നാമമഹത്വത്തിനായി കർത്താവിനെ അനുഗമിച്ചു. അതിനാൽ അനേകർ വാളിന്നിരയായി. ചിലർ അഗ്നിക്കിരയായി. അനേകർ പീഡകൾ സഹിച്ചു. അവരുടെ ഓർമ്മ നമുക്ക് വാഴ്വിനാകട്ടെ.

മൂന്നാമതു നാം തന്നെ അനുഗമിക്കണം എന്നതാണു നമ്മുടെ കർത്താവിന്റെ ആഗ്രഹം. അതായത് ക്രൂശിലെ മരണം ഒഴികെ ബാക്കി സകലതും അവനെപ്പോലെ നാമും ചെയ്യണം. നേതാവു ചെയ്യുന്നതെല്ലാം അനുഗാമികളും ചെയ്യണം. തെറ്റുകാരോടു ക്ഷമിക്കണം. ശത്രുക്കളെ സ്നേഹിക്കണം. അവൻ നമ്മെ സ്നേഹിച്ചതുപോലെ നാമും പരസ്പരം സ്നേഹിക്കണം. എല്ലാ അർത്ഥത്തിലും കുരിശു വാഹികളായി നാം ക്രിസ്തുവിനെ പിൻതുടരണം.

നമ്മുടെ കർത്താവിന്റെ വിജയ സ്ലീബാ രാവും പകലും നമുക്കു കോട്ടയായിരിക്കട്ടെ!

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

കഴിഞ്ഞ ഓഗസ്റ്റ് മാസം നമ്മുടെ സഹോദര സഭയായ യാക്കോബായ സമൂഹത്തിന് ഉണ്ടായ നഷ്ടം അനിർവചനീയമാണ്. മാനസികവും, സാമൂഹ്യവും, സാമ്പത്തികവുമായ, ആഘാതം ഒരിക്കലും നികത്താൻ ആവുന്നതല്ല. എല്ലാ ക്രൈസ്തവ മൂല്യങ്ങളെയും മറന്നുള്ള പ്രവർത്തനങ്ങളാണ് മുളന്തുരുത്തി മാർത്തോമൻ ദൈവാലയത്തിൽ അരങ്ങേറിയത്. കേരളത്തിലെ മറ്റ് ക്രൈസ്തവ സഭകൾ എല്ലാം തന്നെ മുളന്തുരുത്തി സംഭവത്തെ അപലപിക്കുകയും അവരുടെ പിന്തുണ യാക്കോബായ സഭയെ അറിയിക്കുകയും ചെയ്തു. ക്നാനായ സമുദായം നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും യാക്കോബായ സഭയെ അറിയിച്ചിട്ടുണ്ട്.

വീണ്ടും ഒരിക്കൽ കൂടി ക്നാനായ സമുദായത്തിന്റെ പിന്തുണയും സഹകരണവും ഈ അവസരത്തിൽ യാക്കോബായ സഭയിലെ അഭി. പിതാക്കന്മാരേയും, സഭാനേതൃത്വത്തേയും, സഭാ അംഗങ്ങളേയും അറിയിക്കുകയും അവർക്കുണ്ടായ പ്രയാസത്തിൽ പങ്കുചേരുകയും ചെയ്യുന്നു. സുശക്തവും കെട്ടുറപ്പും ഉള്ള ഒരു ഭരണഘടന ഇല്ലാതെ ഇരുന്നതാണ് കോടതി വിധികൾ അനുകൂലമല്ലാതെ വന്നതും പള്ളികൾ നഷ്ടപ്പെടുവാൻ ഇടയായതും എന്ന് പറയാതെ നിവർത്തിയില്ല. ഏതാണ്ട് അമ്പതിൽപരം ദൈവാലയങ്ങൾ ഇപ്പോൾ യാക്കോബായ സഭയ്ക്ക് നഷ്ടപ്പെട്ടു കഴിഞ്ഞു. ഇനിയും അഞ്ഞൂറിൽപ്പരം ദൈവാലയങ്ങളുടെ അവസ്ഥ സങ്കീർണ്ണമായി നിൽക്കുന്ന ഈ അവസരത്തിൽ നമുക്ക് ദൈവസന്നിധിയിൽ യാക്കോബായ സഭയ്ക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കാം.

പ്രിയമുള്ളവരേ, നമ്മുടെ കൊച്ചുസമുദായത്തിലും ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നമ്മൾ ജാഗരൂകരായിരിക്കണം. യാക്കോബായ സഭ സിനഡ് സെക്രട്ടറി അഭി. തോമസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ നമ്പർ 17/2020 കല്പനയനുസരിച്ച് ഓഗസ്റ്റ് മാസം 23-ാം തീയതി സമുദായ മാനേജിംഗ് കമ്മിറ്റി കൂടുകയുണ്ടായി. ആ കമ്മിറ്റിയിൽ ശ്രീ. കെ.പി. ഫിലിപ്പ് കണ്ണാടിപ്പുഴയും, ശ്രീ. ഫിലിപ്പ് കെ. ജോസഫ് (വില്ലി) വടാമറ്റവും ഒരു പ്രമേയം അവതരിപ്പിക്കുകയും, ആ പ്രമേയം ചർച്ചയ്ക്കുശേഷം കമ്മിറ്റി ഐക്യകണ്ഠേന പാസ്സാക്കി സമുദായ മെത്രാപ്പോലീത്തായ്ക്ക് കൊടുത്തു. പ്രമേയം ഇവിടെ ചേർക്കുന്നു.

2020 ഓഗസ്റ്റ് 23-ാം ഞായറാഴ്ച കൂടുന്ന ക്നാനായ മാനേജിംഗ് കമ്മിറ്റിയിൽ താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ അവതരിപ്പിക്കുന്ന പ്രമേയം.

ക്നാനായ സമുദായത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി പരി. പാത്രിയർക്കീസ് ബാവായുടെ E1/No. 82/19 കല്പനയിലെ 15 നിർദ്ദേശങ്ങൾ ഭരണഘടനാ വിരുദ്ധമാണെന്ന് കാണിച്ച് ആ കല്പനക്കെതിരെ രണ്ട് സമുദായാംഗങ്ങൾ തിരുവല്ല കോടതിയിൽ നിന്നും, മറ്റ് രണ്ട് സമുദായാംഗങ്ങൾ കോട്ടയം കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയതിനാലും 28-01-2020-ൽ കൂടിയ ക്നാനായ അസ്സോസിയേഷൻ തീരുമാനപ്രകാരവും, സമുദായത്തിൽ വൈദികരുടെ ജനറൽ ട്രാൻസ്ഫർ നടത്തുവാൻ സാധിക്കാതെ വന്നതിന്റെ അടിസ്ഥാനത്തിലും, കഴിഞ്ഞവർഷം നടത്തേണ്ടിയിരുന്ന ജനറൽ ട്രാൻസ്ഫർ നടത്തുവാൻ സാധിച്ചില്ല.

കൂടാതെ രാജ്യത്ത് കോവിഡ്-19 ന്റെ വ്യാപനം ദിനംപ്രതി രണ്ടായിരത്തിലധികം വർദ്ധിച്ച്, രോഗം വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സമുദായത്തിലെ 50% ദൈവാലയങ്ങളിൽ വി.കുർബ്ബാന നടക്കുന്നില്ല. ദൈവാലയങ്ങൾ അടച്ചിട്ടിരിക്കുകയാണ്. കേരളത്തിന് വെളിയിലുള്ള വൈദികർ കുടുംബമായി അതാത് സ്ഥലങ്ങളിൽ താമസിക്കുകയാണ്. ഈ സമയത്ത് വൈദികരുടെ ട്രാൻസ്ഫർ നടത്തുന്നത് ഒട്ടും ഉചിതമല്ല.

ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ ശുപാർശ ചെയ്യുന്നു.

1. നാലുമാസം കൂടി കഴിയുമ്പോൾ ഈ വർഷം അവസാനിക്കുന്നതിനാൽ 2020 ഡിസംബറിൽ വൈദിക ജനറൽ ട്രാൻസ്ഫർ നടത്തുന്നത് ഉചിതമാണ്.

2. ഭരണഘടനയുടെ വകുപ്പ് 84(1)E പ്രകാരവും 111(B) 4 പ്രകാരവും സമുദായമെത്രാപ്പോലീത്താ തന്നെ വൈദികരെ ദൈവാലയങ്ങളിൽ കല്പനമൂലം നിയമിക്കണം.

3. വൈദിക നിയമനവുമായി ബന്ധപ്പെട്ട് പല കേസുകളിലും കോടതി ഉത്തരവുകൾ ഉള്ളതിനാൽ സമുദായത്തിനോ സമുദായ മെത്രാപ്പോലീത്തായ്ക്കോ എതിരായി കോർട്ട ലക്ഷ്യം ഉണ്ടാകുന്ന നടപടികൾ എടുക്കുവാൻ പാടില്ല.

4. സമാധാന ചർച്ചയ്ക്കുവേണ്ടി ക്നാനായ കമ്മറ്റിയും, വൈദിക കൗൺസിലും സംയുക്തമായി മെത്രാപ്പോലീത്തൻമാരെ ക്ഷണിച്ചിട്ടും, ആ

ക്ഷണം നിരസിച്ചതിൽ കമ്മറ്റി പ്രതിഷേധിക്കുന്നു.

ആയതിനാൽ ഭരണഘടന ദുർബലപ്പെടാതെ ഇരിക്കുന്നതിനും, കോടതി അലക്ഷ്യം ഉണ്ടാകാതെ ഇരിക്കുന്നതിനും, വൈദികരുടെ അസൗകര്യവും, കോവിഡ് രോഗവ്യാപനവും കണക്കിലെടുത്ത് വൈദികരുടെ ജനറൽ ട്രാൻസ്ഫർ 2020 ഡിസംബർ വരെ മാറ്റി വയ്ക്കണം.

അവതാരകൻ: കെ. പി ഫിലിപ്പ് കണ്ണട്ടിപ്പുഴ

അനുവാദകൻ: ഫിലിപ്പ് കെ. ജോസഫ് (വില്ലി) വടാമറ്റം.

ക്നാനായ ഭരണഘടനയ്ക്കും, അസ്സോസിയേഷൻ തീരുമാനങ്ങൾക്കും, അന്ത്യോഖ്യാ ബന്ധത്തിനും, നമ്മുടെ സ്വാതന്ത്ര്യത്തിനും ഭംഗം വരാത്ത രീതിയിൽ ഒരു ശാശ്വത സമാധാനം ഉണ്ടാകുന്നതിന് എല്ലാവരുടെയും ഭാഗത്തുനിന്ന് വിട്ടുവീഴ്ചകൾ ഉണ്ടായേ മതിയാകൂ. എങ്കിൽ മാത്രമേ നമ്മുടെ സമുദായം അഭിവൃദ്ധിപ്പെട്ട്, മറ്റു ക്രൈസ്തവസഭകളുടെ ഒപ്പത്തിന് എത്തുവാൻ സാധിക്കുകയുള്ളു എന്ന് നാം എല്ലാവരും മനസ്സിലാക്കണം.

തീർച്ചയായും മാന്യമായ അധികാരങ്ങൾ അസ്സോസിയേഷൻ നിശ്ചയിച്ച് സഹായമെത്രാച്ചൻമാർക്ക് കൊടുക്കും എന്ന് എല്ലാ ജനങ്ങൾക്കും ഉറപ്പുണ്ട്. അങ്ങനെ സമാധാനത്തിന്റെ പാതയിലേയ്ക്ക് തിരിയുവാൻ ക്നാനായ കമ്മറ്റിയോടും, വൈദിക കൗൺസിലിനോടും, ക്നാനായ അസോസ്സിയേഷനോടും ചേർന്ന് പ്രവർത്തിക്കുവാൻ അഭി. പിതാക്കന്മാരോട് അഭ്യർത്ഥിക്കുന്നു. യാക്കോബായ സഭയ്ക്ക് ഉണ്ടായ അനുഭവം ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

പ്രത്യേകിച്ച് കൊറോണ എന്ന മഹാമാരി നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ദിനംപ്രതി വർദ്ധിച്ചുവരുന്ന ഈ അവസരത്തിൽ സമുദായത്തിലെ ഐക്യം കൂടി നഷ്ടപ്പെട്ടാൽ നമുക്ക് പുരോഗതിയുടെ പാതയിൽ മുന്നേറാൻ സാധിക്കില്ല എന്ന് സമുദായത്തിലെ മേൽപ്പട്ടക്കാരും, വൈദികരും, സമുദായ അംഗങ്ങളും മനസ്സിലാക്കണം.

കോവിഡ് 19 രോഗം മൂലം വിദേശത്ത് മരണപ്പെട്ടവർ കൂടാതെ കേരളത്തിൽ ഈയടുത്ത നാളുകളിൽ രണ്ടു സമുദായാംഗങ്ങൾ നിര്യാതരായി. ഈ രോഗം ബാധിച്ച് നമ്മളിൽ നിന്ന് വേർപെട്ടുപോയ എല്ലാ സമുദായാംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും സമുദായത്തിന്റെ പേരിലുള്ള അനുശോചനം അറിയിക്കുന്നു. പരേതരുടെ ആത്മാക്കളെ അബ്രഹാമിന്റെ മടിയിൽ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ അവസരത്തിൽ ഇതോടനുബന്ധിച്ച് ഒരു കാര്യം ഓർമ്മപ്പെടുത്താനുള്ളത് ഇനിയും ഈ രോഗം മൂലം സമുദായാംഗങ്ങൾക്ക് മരണം സംഭവിച്ചേക്കാം. ആർക്ക് എപ്പോൾ എന്ന് നമുക്ക് പ്രവചിക്കാൻ സാധ്യമല്ല. ഈ രോഗം മൂലം ഒരു സമുദായാംഗം മരിച്ചാൽ അതിനുള്ള മുൻകരുതലുകൾ നമ്മൾ എടുക്കേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിൽ മരിച്ചവരെ വൈദികർ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾ എല്ലാ ആത്മീയ ബഹുമതികളോടുകൂടി കബറടക്കുമ്പോൾ നമ്മുടെ ദേവാലയങ്ങളിൽ അതിനു സാധിച്ചിട്ടില്ല. ആയതിനാൽ ഇപ്പോൾ തുടരുന്ന രീതി മാറ്റേണ്ടിയിരിക്കുന്നു. അതിനു മുൻകൈ എടുക്കേണ്ടത് സഭയിലെ പിതാക്കന്മാരും, വൈദികരുമാണ്. ഏതായാലും മാനേജിംഗ് കമ്മിറ്റിയുടെ ഒരു തീരുമാനം ഞങ്ങൾ എടുക്കും. അതൊടൊപ്പം ആത്മീയ നേതൃത്വം ഇപ്പോഴത്തെ തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ക്നാനായ മെറിറ്റ് അവാർഡ് 2020 നടത്തുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് സമുദായത്തിലെ S.S.L.C, +2 മുതൽ ഉന്നത വിജയം ലഭിച്ച എല്ലാ കുട്ടികളും അവരുടെ മാർക്ക് ലിസ്റ്റുകൾ വികാരിയുടെ സാക്ഷ്യപത്രത്തോടുകൂടി സമുദായ ഓഫീസിൽ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ നാടിന്റെ ഉത്സവമായ ഓണം കഴിഞ്ഞുപോയെങ്കിലും, എല്ലാവർക്കും ഓണാശംസകൾ നേരുന്നു. ദൈവത്തിന്റെ അദൃശ്യകരങ്ങൾ നമ്മുടെ സമുദായത്തിന്റേമേൽ സമാധാനത്തിനും നന്മയ്ക്കുംവേണ്ടി എന്നുമുണ്ടാകട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

# ഓണ സദ്യ

**ബിജു ഇ.പി. ഇളംപള്ളിൽ**



ഓടിയടുത്തൊരു ഓണമൊരുങ്ങുവാൻ
ഓടിയടുക്കുന്നു ഓമന മക്കൾ
ഓണത്തിനുള്ളോരു കോടിയുമായി
ഓരോ ഇടങ്ങളിൽ നിന്നുമെന്നും.

സന്തോഷമായൊരു സൗഭാഗ്യമാണിത്
സന്താനമൊത്തൊരു സദ്യയുണ്ണാൻ
മാറി മറിഞ്ഞൊരു കാലത്തിനൊപ്പം
മാതാപിതാക്കൾക്ക് അന്യമായിന്നാ തിരുവോണം

കാലങ്ങൾ മാറി കാഴ്ച്ചകൾ മാറി
കണി ഒന്ന് കാണുവാൻ കേരള ദേശത്ത്
കോവിഡുകൊണ്ടുള്ള ക്വോറന്റെൻ ഇല്ലാതെ
കാലൊന്ന് കുത്തുവാൻ കാത്തിരിക്കണം

പട്ടിണി മരണങ്ങൾ ഏറുന്ന നാട്ടിൽ
പൊട്ടുന്ന ഉരുളും പൊങ്ങുന്ന വെള്ളവും
കൂടെ ക്വോറന്റെൻ പിന്നെ
കാലത്തിനങ്ങനെ മാറ്റുകൂട്ടുന്നു

സന്തുഷ്ടമായൊരു സംസ്ഥാനം കാണുവാൻ
സർക്കാർ, സാധ്യത ഏറെ നൽകി
സല്പേര് കേട്ടുള്ള വാർത്തകൾ അങ്ങിനെ
സാകൂതം സർക്കാരും സ്വായത്തമാക്കി..

എന്തിനു ചൊല്ലണം, ഏറെയിനിയും
സാധു ജനങ്ങളെ കേരള മക്കളേ,
സന്തുഷ്ടമായൊരു സദ്യ ഉണ്ണാൻ
സാമ്പാറു തന്നെ നമുക്കെന്നും ഉത്തമം



സുനിൽ ഡി. കുരുവിള

# നന്മയുള്ള നേതൃത്വം; കാലം ആവശ്യപ്പെടുന്ന സുവിശേഷം!

ഒരു പക്ഷെ ക്രിസ്തു ശിഷ്യന്റെ കാലുകഴുകി നമുക്ക് നൽകിയത് നേതൃത്വത്തിന്റെ 'മഹാ' മാതൃകയാണ്. സേവിക്കപ്പെടുന്നതല്ല മറിച്ചു സേവിക്കുന്നതാണ് നേതൃത്വം എന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ സന്ദർഭം. സ്നേഹം കൊണ്ട്, ഹൃദയം കൊണ്ട്, സേവനം കൊണ്ട് തനിക്ക് ചുറ്റുമുള്ളവരെ നയിച്ച ക്രിസ്തു Servent leadership എന്ന പുതിയ നേതൃമാർഗം ലോകത്തിനു പരിചയപ്പെടുത്തി.

തന്റെ പ്രവർത്തനങ്ങളിലൊന്നും ക്രിസ്തു സ്വയം പ്രകീർത്തിച്ചില്ല; ദൈവത്തിൽ മാത്രം ശരണപ്പെട്ടു; എല്ലാവരേയും തന്നെക്കാൾ കൂടുതൽ സ്നേഹിച്ചു അവർക്കു വേണ്ടി സ്വയം ത്വജിച്ചു.

നേതൃത്വം മുൾകിരീടവും ക്രൂശുമായി ഏറ്റെടുത്തവൻ!

അദ്ധ്വാനിക്കുന്നവന്റെ - ഭാരം ചുമക്കുന്നവന്റെ - സാധാരണക്കാരുടെ നേതാവ്. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന് അരുളിയവൻ - സ്വയം മാതൃകയായി. കൂടെ കൂട്ടിയവർ എല്ലാം സാധാരണക്കാരായിരുന്നു. എന്നാൽ അവരെ എല്ലാം അസാധാരണ ദൗത്യത്തിലേക്കു നയിച്ചു.

Transformational leadership- കണ്ടുമുട്ടിയവരെയെല്ലാം രൂപാന്തരത്തിലേക്കു നയിച്ചവൻ.

"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു."

നിലപാടുകളുടെ നേതൃത്വം - താൻ ആരെ നയിക്കാൻ വന്നുവെന്നും ആരോടൊപ്പം നിലകൊള്ളണമെന്നും തന്റെ ലക്ഷ്യം എന്താണെന്നും ഓരോ നിമിഷവും തിരിച്ചറിഞ്ഞു നിലകൊള്ളുക.

വിമർശിക്കേണ്ടതിനെ വിമർശിക്കാൻ മറന്നില്ല. തിരുത്തേണ്ടതിനെ തിരുത്താൻ മറന്നില്ല. പഠിപ്പിക്കേണ്ടവരെ പഠിപ്പിക്കാൻ മറന്നില്ല...

ഉന്നത നേതൃത്വം ഉന്നത ഗുരു സ്ഥാനമാണ് എന്ന് തിരിച്ചറിഞ്ഞു നില കൊള്ളുക എന്നും എളിയവരുടെ- ന്യൂനപക്ഷത്തിന്റെ - വേദനിക്കുന്നവന്റെ ഭാഗത്തു അവൻ ചേർന്ന് നിന്നു. ആൾക്കൂട്ടത്തെ ഭയന്നില്ല അധികാരത്തെ ഭയന്നില്ല പണത്തിന്റെ- ദ്രവ്യത്തിന്റെ സ്വാധീന വലയത്തിൽ പെട്ടില്ല.

'നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി," - യോഹന്നാൻ 13. അധികാര വർഗ്ഗത്തിനെതിരെ ആൾക്കൂട്ടത്തിനെതിരെ ഒരു നിർദ്ധന വേശ്യസ്ത്രീയുടെ പക്ഷം ചേരാൻ മറ്റാർക്കാണ് കഴിയുക? നമുക്കല്ലാതെ മറ്റാർക്കാണ് അവൻ ആ മാതൃക നൽകിയത്?

താൻ നയിക്കുന്നവരിലേക്ക് സ്വയം അലിഞ്ഞു ചേരുന്ന നേതൃത്വം. ലളിതമായതിലും (simple) ചെറുതിലും (small) ഒക്കെ മഹത്വം കാണിച്ചു തന്ന നേതൃത്വം.

Ego യാണ് ഇന്ന് നേതൃത്വത്തിന്റെ ശാപം. വയലിലെ പുൽച്ചെടിക്ക് പോലും ശലോമോനെക്കാളും മഹത്വമുണ്ടെന്നു ഓർമ്മിപ്പിച്ചവൻ! തന്റെ യാത്രയ്ക്ക് കഴുതയെ തിരഞ്ഞെടുത്തത് വലിയ ഒരു ദർശനം നല്കാനായിരുന്നില്ലേ? Leadership of simplicity and humility.

"അഗതികൾക്കു വിശ്വസ്തതയോടെ ന്യായപാലനം ചെയ്യുന്ന രാജാവിന്റെ സിംഹാസനം എന്നേക്കും സ്ഥിരമായിരിക്കും." സദൃശ്യവാക്യങ്ങൾ 29:14.

അവന്റെ നേതൃശൈലി ഒരിക്കലും അധികാരത്തിന്റേയോ സ്ഥാനമാനങ്ങളുടേതോ ആയിരുന്നില്ല. ഒരു സ്ഥാനവും വഹിക്കാതെ തന്നെ അവനെ ഗുരു എന്നും രാജാധിരാജനെന്നും ലോകം വിളിച്ചു. നന്മ ചെയ്യാൻ അധികാരം വേണമെന്നില്ല. തിന്മ ചെയ്യാൻ അധികാരം തീർച്ചയായും വേണം. ഉത്തരവാദിത്വവും കരുതലും നിസ്വാർത്ഥ സേവനവുമായിരുന്നു അവൻ കാട്ടിത്തന്ന നേതൃരൂപം.

നേതൃത്വത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി മറ്റുള്ളവരെ നയിക്കുന്നതല്ല; അവനവനെ നയിക്കുന്നതാണ്. കൃത്യമായി നിയന്ത്രിച്ചുകൊണ്ടും ശ്രേഷ്ഠനായി ഉയർന്നു നിന്നുകൊണ്ടും മാതൃകയാവേണ്ടതുണ്ട് എന്ന് ക്രിസ്തു പഠിപ്പിച്ചു. സാത്താന്റെ പരീക്ഷണങ്ങളെ character കൊണ്ട് നേരിട്ടവൻ! Character ആണ് ഒരു നേതാവിനെ ഉന്നതമായി അടയാളപ്പെടുത്തുന്നത്.

When Abraham Lincoln was asked if God was on the Union's side, Lincoln's unvarying response was that what was really important was whether they were on God's side.

ലോകമാനങ്ങളും കയ്യടികളും നേട്ടങ്ങളും നോടാനുള്ള ഓട്ടം ക്രിസ്തു മാർഗ്ഗമല്ല. ക്രിസ്തു മാർഗം ക്രൂശിലേക്കാണ് ലക്ഷ്യം വെക്കേണ്ടത്. ആരെ അനുസരിക്കണമെന്നും ആരെ നയിക്കണമെന്നും ആരെ അകറ്റി നിർത്തണമെന്നും അവൻ കൃത്യമായി തിരിച്ചറിഞ്ഞു.

പ്രാർത്ഥനയും പ്രവർത്തനവും പ്രത്യാശയും അവന്റെ പ്രതിരോധ ആയുധങ്ങളായിരുന്നു. പ്രലോഭനങ്ങളിൽ തീരെ പിടി കൊടുക്കാതെ 'offer' കളിൽ വീഴാതെ നിൽക്കാൻ ഇന്ന് ആത്മീയ നേതൃത്വത്തിന് പോലും കഴിയുന്നില്ല. ക്രിസ്തുവിന്റെ നേതൃത്വത്തിന്റെ ശക്തി തിരിച്ചറിയാം!

Total obedience and submission to God; total commitment people. ഉയർന്ന മൂല്യങ്ങൾ കൊണ്ടും പ്രവർത്തനം കൊണ്ടും അവൻ 'മനുഷ്യനെ പിടിക്കുന്നതിന്റെ' പൊരുൾ കാട്ടിത്തന്നു. വിധവയുടെ ഓട്ടക്കാശിന്റെ 'മൂല്യം'.. മുമ്പേ വരുന്നവനും പിൻപേ വരുന്നവനും ഒരേ കൂലി... ലോകത്തിനു പുതിയ ദർശനം നൽകി.

Clarity of vision and mission: അവൻ നയിക്കുന്നവരെക്കുറിച്ച് അവനു വ്യക്തമായ ദർശനമുണ്ടായിരുന്നു. അവർക്കുവേണ്ടി കൃത്യമായ ദൗത്യങ്ങളും കർമ്മങ്ങളും വിഭാവനം ചെയ്തു.

കുറഞ്ഞവരെയും, കാണാതെ പോയവരെയും വീണുപോയവരെയും സ്ത്രീകളെയും അവൻ കൂടുതൽ കരുതി. പ്രതികൂലങ്ങളിൽ മുൻപിൽനിന്നു നയിച്ചു.

മികച്ച team ഉണ്ടാക്കി; ബന്ധങ്ങൾ വളർത്തി; തന്നിലൂടെ തന്റെ ജീവിതത്തിലൂടെ ദൈവ മഹത്വം ധാരാളമായി ലോകത്തിനു വെളിപ്പെടുത്തി കൊടുത്തു.

"ഇനി മുതൽ നീ മനുഷ്യനെ പിടിക്കുന്നവനാകും", തന്നെ പിൻവാങ്ങി വന്നവരെയെല്ലാം അവൻ നേതൃത്വത്തിലേക്ക് നയിച്ചു. അവരെ ചുമതല ഏൽപ്പിച്ചു. True leaders create more leaders.

ഇന്ന് അഴിമതിയും സ്വജനപക്ഷപാതവും ഒക്കെ കൊണ്ട് നേതൃത്വം എല്ലാ രംഗത്തും നിരാശ മാത്രം നൽകുമ്പോൾ, ക്രിസ്തുവിനെ അറിഞ്ഞവരും പഠിച്ചവരും വ്യത്യസ്തരാവേണ്ടതല്ലേ? മാറ്റം എവിടെനിന്നു തുടങ്ങും? തീർച്ചയായും അത് ക്രിസ്തുവിനെ അറിഞ്ഞവരിൽ നിന്നു തന്നെ ആരംഭിക്കണം. ചെറുതും വലുതുമായ ഓരോ നേതൃത്വ റോളുകൾ നമ്മൾ ഓരോരുത്തരും ദിനവും നിർവ്വഹിക്കുന്നുണ്ട്. ആത്മീയ നേതൃത്വത്തിൽ, ഉദ്യോഗത്തിൽ, രാഷ്ട്രീയത്തിൽ, ബിസിനസ്സിൽ, സാമൂഹിക രംഗത്ത്, വിദ്യാർത്ഥി എന്ന നിലയിൽ, കുടുംബനാഥനെന്ന നിലയിൽ ഒക്കെ ആകാം അത്. അവിടെ നമ്മൾ ക്രിസ്തു കേന്ദ്രീകൃതമാണോ? സത്യത്തിന്റെ നീതിയുടെ പക്ഷത്താണോ? എളിയവരുടെ കൂടെയാണോ? ഇടപാടിൽ സുതാര്യതയും എളിമയും കുലീനത്വവും സൂക്ഷിക്കാറുണ്ടോ?

പ്രാർത്ഥനയും പ്രത്യാശയും മുറുകെപ്പിടിക്കാറുണ്ടോ? കൂടെയുള്ളവരെ കുറിച്ചും സമൂഹത്തെ ക്കുറിച്ചും കാഴ്ചപ്പാടുണ്ടോ? നമ്മളിൽ കൂടി ലോകത്തിനു ക്രിസ്തുവിനെ ദർശിക്കാൻ കഴിയുന്നുണ്ടോ?

'True leaders never conform, but transform!' ഒരിക്കൽ മദർ തെരേസ്സ ഒറീസ്സയിലെ ഗ്രാമത്തിൽ ജനങ്ങളുടെ ഇടയിൽ കുറച്ചു ദിവസം പ്രവർത്തിച്ചു മടങ്ങാൻ തയ്യാറെടുക്കുകയായിരുന്നു. കുറെ ഗ്രാമീണർ വന്നു മദറിനോട് ചോദിച്ചു, 'നിങ്ങളുടെ ദൈവം ആരാണ്?

മദർ പറഞ്ഞു, "എന്റെ ദൈവം യേശുവാണ്".

അപ്പോൾ ആ കൂടിവന്ന ഗ്രാമീണർ ഒറ്റ സ്വരത്തിൽ പറഞ്ഞു, "എന്നാൽ ഇനി മുതൽ ഞങ്ങളുടെയും ദൈവം യേശുവാണ്"!

ദൈവനാമത്തിനു മഹത്വം ഉണ്ടകട്ടെ! ആമേൻ.

(Sunil D Kuruvilla is the founder of INSIGHT MISSION- a centre committed to Education, Career, Leadership & Life. A practising Counsellor and Consultant HR Trainer)

## എഡിറ്റോറിയൽ തുടർച്ച

(അ.പ്ര. 9:9) ക്രിസ്തുവിന്റേതാണ്. അതുകൊണ്ടാണ് ക്നാനായക്കാരുടെ കല്യാണത്തിനും പെരുന്നാളുകൾക്കും പാടുന്ന പുരാതന പാട്ടുകൾക്കും കളികൾക്കും "മാർഗ്ഗംകളി" എന്നു പേർ പറയപ്പെടുന്നത്. മതത്തിന്റെ കളി അല്ല. മാർഗ്ഗത്തിന്റെ ആദ്യകാല ചരിത്രമാണ് മാർഗ്ഗംകളി.

ആദ്യകാല ക്രിസ്തു ശിഷ്യന്മാരെക്കുറിച്ച് **കെ.ദാമോദരൻ എഴുതിയ (കമ്മ്യൂണിസവും ക്രിസ്തു മതവും)** എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്. ക്രിസ്തുവിന്റെ സ്വാധീനശക്തി ഒന്നാം നൂറ്റാണ്ടിൽത്തന്നെ പതിനായിരക്കണക്കിലുള്ള ജനങ്ങളെ ആവേശം കൊള്ളിക്കുകയും മർദ്ദനങ്ങൾക്കെതിരായി അണിനിരത്തുകയും ചെയ്ത ഒരു വിപ്ലവ പ്രസ്ഥാനമായി കഴിഞ്ഞിരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ചെറിയ ചെറിയ സംഘങ്ങൾ സ്ഥാപിച്ചു. പ്രാർത്ഥിക്കുവാനും ഉപദേശപ്രസംഗങ്ങൾ നടത്തുവാനും വേണ്ടി ഒന്നിച്ചു ചേരും. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കും. ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ജോലികൾ കണ്ടു പിടിക്കുവാനും പരസ്പരം സഹായിക്കും. അടിമകളും മീൻ പിടുത്തക്കാരും ഭാരം ചുമക്കുന്നവരും മറ്റ് ദരിദ്ര പരിഷകളും സംഘങ്ങളിൽ അംഗമായി ചേർന്നു. അവർക്കിടയിൽ അസത്യമുണ്ടായിരുന്നില്ല. അസൂയയും വെറുപ്പും ഉണ്ടായിരുന്നില്ല. എല്ലാവരും ക്രിസ്ത്യാനികളായിരുന്നു. ക്രിസ്തുമതം വെറുമൊരു വിശ്വാസമായിരുന്നില്ല. അതൊരു ബഹുജന പ്രസ്ഥാനമായിരുന്നു. അവരെ നശിപ്പിക്കുവാൻ നീറോ ചക്രവർത്തിക്കു സാധിച്ചില്ല. എന്തായിട്ടും ക്രിസ്ത്യാനികൾ ദിവസം ചെല്ലുന്തോറും അധികമധികം പടർന്നുപിടിക്കുകയാണ് ചെയ്തത്.

The Church of Apposteles and Martyr എന്ന പുസ്തകത്തിൽ. ആദിമ കാലങ്ങളിൽ ക്രിസ്ത്യാനികൾ നേരം വെളുക്കുന്നതിനു മുമ്പേ ഒന്നിച്ചു കൂടും. യേശുവിനെ സങ്കീർത്തനങ്ങൾ പാടി സ്തുതിക്കും. പാപം ചെയ്യുകയില്ലെന്നു വ്രതമെടുക്കും. എല്ലാവരും കൂടി പൊതു ഭക്ഷണം കഴിക്കും.


അവർക്കു വെള്ളിയും പൊന്നും ഇല്ലായിരുന്നു. എന്നാൽ ക്രിസ്തു ഉണ്ടായിരുന്നു. ഇന്ന് വെള്ളിയും പൊന്നും വെള്ളാനകളും സ്വന്തമായുള്ള സംഘടിത ക്രിസ്തുമതമാണ്. സഭയ്ക്കില്ലാത്തത് ക്രിസ്തു മാത്രം. ക്രിസ്തു ഒഴികെ എല്ലാം ഇന്നത്തെ സഭയ്ക്കുണ്ട്.

എല്ലാ ക്രിസ്ത്യാനികളും ക്രിസ്ത്യാനികളല്ല. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ അനുസരിച്ചു ജീവിക്കുന്നവർ മാത്രമാണ് ക്രിസ്ത്യാനികൾ. അല്ലാത്തവർ ക്രിസ്ത്യാനി എന്ന പേരിൽ മറഞ്ഞിരുന്നു ക്രിസ്തുവിനെ ഉപദ്രവിക്കുന്നവരാണ്. ഇന്നു നമ്മുടെ ഇടയിൽ കാണുന്നതെന്താണ്. മതഭ്രാന്തന്മാർപോലും ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ അല്ലേ, ഇന്നത്തെ മതമേലദ്ധ്യക്ഷന്മാർ കാട്ടി കൂട്ടുന്നത്. അതുകണ്ട് ജനം ദൈവത്തിൽ നിന്ന് അകലുകയാണ്. ഇത് മനസ്സിലാക്കി നേതൃത്വം മാനസാന്തരപ്പെട്ടാൽ മാത്രമേ സമാധാനം ഉള്ള ജീവിതം നയിക്കാൻ സാധിക്കുകയുള്ളു.

ക്ഷാമവും ഭൂകമ്പവും പ്രകൃതി ക്ഷോഭങ്ങളും മഹാവ്യാധികളും അവിടവിടെ ഉണ്ടാകുന്നത് ഈറ്റു നോവിന്റെ ആരംഭം എന്നത്രേ (മത്താ. 24:8). ഭൂമിയുടെ മേൽ നിപതിക്കാൻ പോകുന്ന ഭയങ്കരമായ ദൈവിക ശിക്ഷാവിധിയുടെ മുന്നറിയിപ്പുകൾ മാത്രം. ഇതു കാണുമ്പോൾ ദൈവത്തിന്റെ മുന്നിൽ വിനയപ്പെടുന്നതാണ് ബുദ്ധി. പാപങ്ങളെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെടുക ദൈവത്തിങ്കലേക്കും അവന്റെ വ്യവസ്ഥകളിലേക്കും മടങ്ങിവരുക. അല്ലാ എങ്കിൽ നിങ്ങൾ നശിച്ചുപോകും. നശിക്കുന്നവരുടെ കൂട്ടത്തിലാകാതിരിപ്പാൻ കർത്താവായ യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിച്ച് രക്ഷ പ്രാപിക്കുക.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**



# ശക്തനായ കപ്പിത്താൻ മോർ ക്ലീമ്മീസ് തിരുമേനി

ഫാ. ജേക്കബ് കല്ലുകുളം
ക്നാനായ കോൺഗ്രസ് പ്രസിഡന്റ്

മലനാടിന്റെ റാണിയായ റാന്നിയിൽ ജനിച്ച് മലങ്കര സഭയുടെ നായക പദവിയിലേയ്ക്ക് ഉയർന്ന ശ്രേഷ്ഠ ആചാര്യനായിരുന്നു മോർ ക്ലീമ്മീസ് തിരുമേനി. കഴിഞ്ഞുപോയ ക്നാനായ അതിഭദ്രാസനത്തിന്റെ ചരിത്രം പരിശോധിച്ചാൽ പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയുടെ മഹാമഹത്വം വെളിപ്പെടുന്നു. എ.ഡി. 345-ൽ മലങ്കരയിലെത്തിയ ഉറഹാവാസികളുടെ പിൻതലമുറയെ പരി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ നിലനിർത്തുവാൻ ദൈവം നിയോഗിച്ച കർമ്മയോഗിയായിരുന്നു മോർ ക്ലീമ്മീസ് തിരുമേനി. മലങ്കര സഭയുടെ ആപൽഘട്ടങ്ങളിലൊക്കെ കാറ്റിലും കോളിലും പെടാതെ അതിനെ നയിച്ച ശക്തനായ കപ്പിത്താനായിരുന്നു മോർ ക്ലീമ്മീസ് തിരുമേനി.

ദൈവജനത്തിന്റെ ശുശ്രൂഷകരായ മേലദ്ധ്യക്ഷന്മാർ പിതൃതുല്യവാത്സല്യത്തോടെ ആർദ്രതയോടും അനുകമ്പയോടും ജനത്തെ സ്നേഹ ശൃംഖലയുടെ കണ്ണികളാക്കി മാറ്റുന്നവനാകണം. സഭയുടെ തലവനായിരുന്ന് എല്ലാ ക്ഷണത്തിലും നായകനായി വർത്തിക്കണം. ദൈവസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ടിട്ടും ജനഹൃദയങ്ങളിൽ വാത്സല്യപിതാവായി വർത്തിക്കുവാൻ ഇന്നും അഭി. തിരുമേനിയ്ക്ക് സാധിക്കുന്നത് സ്നേഹഭാവമായി ജനഹൃദയങ്ങളിലേയ്ക്ക് ഇറങ്ങി ചെന്നതുകൊണ്ടാണ്.

ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യന് സ്നേഹവാനായ പിതാവിന്റെ മക്കളും ക്രിസ്തുവിന്റെ സഹോദരങ്ങളുമായി ത്തീരുവാൻ അവകാശമുണ്ട്. സാഹോദര്യബോധമായിരിക്കണം ക്രിസ്ത്യാനിയുടെ മുഖമുദ്ര. എക്യുമിനിക്കൽ രംഗങ്ങളിൽ മോർ ക്ലീമ്മീസ് തിരുമേനിയുടെ സംഭാവനകൾ അതുല്യമായിരുന്നു. ഇതര സമൂഹങ്ങളുടെ സന്നിഗ്ധഘട്ടങ്ങളിൽ ക്രിസ്തുവിൽ ഒരു സഹോദരനെപ്പോലെ കൂട്ടായ്മയുടെ സ്നേഹം പങ്കുവെച്ച ശ്രേഷ്ഠനായ പിതാവായിരുന്നു. സാമൂഹിക പ്രശ്നങ്ങളെ ക്രിയാത്മകമായി സമീപിച്ച് സഭയുടെ അതിർവരമ്പുകൾക്കപ്പുറം സഞ്ചരിച്ച ഋഷി ശ്രേഷ്ഠനായിരുന്ന ക്ലീമ്മീസ് തിരുമേനി. ഒരു സഭയെ നയിക്കുന്ന നായകന് പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടേണ്ടതാണ്. ഭീരുക്കൾ ഇവയുടെ മുമ്പിൽ പരാജയപ്പെട്ടുപോകും. മോർ ക്ലീമ്മീസ് തിരുമേനി ഏതു പ്രശ്നത്തേയും ഇച്ഛാശക്തിയോടും സമചിത്തതയോടും നേരിടും. ആരുടെ മുമ്പിലും ഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്ന ഈ വലിയ ഇടയൻ വേദികളുടെ ഒരു അലങ്കാരമായിരുന്നു. ദൈവത്തിന്റെ പ്രവാചക ദൗത്യത്തിന്റെ എല്ലാ തലങ്ങളിലും പ്രശോഭിച്ച ഇടയശ്രേഷ്ഠനായിരുന്നു. കാലങ്ങളെ മുമ്പിൽ കണ്ടുകൊണ്ട് യാത്രചെയ്ത താപസശ്രേഷ്ഠനായിരുന്നു.

എതിരാളികളെ പലപ്പോഴും അത്ഭുത പരതന്ത്രരാക്കുന്ന പ്രവർത്തനമായിരുന്നു മോർ ക്ലീമ്മീസിന്റെ നേതൃത്വം. തിരുമേനിയെ എതിർക്കുന്നവർപോലും അദ്ദേഹത്തിന്റെ നേതൃത്വപാടവത്തെ അംഗീകരിക്കുന്നു. നിശ്ചയ ദാർഢ്യത്തിന്റെ ദൃഷ്ടാന്തമായിരുന്നു തിരുമേനി.

മേല്പട്ടസ്ഥാനത്തിന്റെ കടമയും ഉത്തരവാദിത്വവും വളരെ ബൃഹത്താണ്. ദൈവജനത്തെ നിരന്തരമായ ദൈവിക സംസർഗ്ഗത്തിൽ നിലനിർത്തുവാനും പരസ്പര സ്നേഹത്തിലും, സൗഹാർദ്ദത്തിലും കൂട്ടായ്മയിലും അവരെ പരിപാലിക്കുവാനുള്ള ഒരു മേലദ്ധ്യക്ഷന്റെ ഉത്തരവാദിത്വം-മോർ ക്ലീമ്മീസ് തിരുമേനിയിൽ നാം ദർശിക്കുന്നു. മനുഷ്യ ഹൃദയങ്ങളെ ക്രിസ്തുവിലുള്ള ഏക സംസർഗ്ഗത്തിൽ നിലനിർത്തുവാനും ഐക്യത്തിന്റെയും ഒരുമയുടേയും ആത്മാവിൽ സഭയെ ഒരുക്കുവാനും ചുമതലയുള്ള ഒരു സഭാമേലദ്ധ്യക്ഷന്റെ സമൈക്യഭാവനയോടും, വിശാലദർശനത്തോടും പ്രവർത്തിക്കുവാൻ അഭി. തിരുമേനിയ്ക്ക് സാധിച്ചു എന്നതിന് ചരിത്രം സാക്ഷി.

കൃത്യനിഷ്ഠയിലും, ഭരണപാടവത്തിലും, അജഗണപാലനത്തിലും പുതിയ ആശയങ്ങൾ കണ്ടെത്തി വിജയം കൈവരിച്ച ശ്രേഷ്ഠ ഇടയനായിരുന്നു മോർ ക്ലീമ്മീസ് തിരുമേനി. അബ്രഹാമിനെപ്പോലെ വിശ്വാസിയും, മോശയെപ്പോലെ അതികായനായ നേതാവും, ദാവീദിനെപ്പോലെ സ്തുതിഗായകനും, ശലോമോനെപ്പോലെ ജ്ഞാനിയും, യൗസേഫിനെപ്പോലെ പാരമ്പര്യമുള്ളവനും പൗലോസിനെപ്പോലെ വാഗ്മിയും, പത്രോസിനെപ്പോലെ ഉറച്ചപാറയുമായ മോർ ക്ലീമ്മീസ് വലിയമെത്രാപ്പോലീത്ത ദൈവസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ട് 18 വർഷങ്ങൾ പിന്നിടുന്ന ഈ സന്ദർഭത്തിൽ അവിടുത്തെ തൃക്കരങ്ങളാൽ പൗരോഹിത്യപദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ആത്മീയ പുത്രന്റെ സ്മരണാഞ്ജലികൾ.

## ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മിറ്റി സ്വാതന്ത്ര്യദിനത്തിൽ സ്മൃതിദീപം തെളിയിച്ചു



ലോകത്തെമ്പാടും കോവിഡ് രോഗത്താൽ ജീവൻ നഷ്ടപ്പെട്ടവർക്കു വേണ്ടിയും പെട്ടിമുടിയിലും കരിപ്പൂരിലും ഉണ്ടായ അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടുമുള്ള ആദരസൂചകമായി ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനത്തിൽ സ്മൃതിദീപം തെളിച്ച് ആദരവ് രേഖപ്പെടുത്തി.

## യാക്കോബായ സഭയോടുള്ള നീതിനിഷേധത്തിൽ ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധദിനം

ചിങ്ങവനം മേഖല– സമുദായമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.



റാന്നി മേഖല– അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.







CLEMIS SCHOOL, CHINGAVANAM
PH: 0481 2430108, 2436800, 2436900
E-mail: clemisschool@yahoo.com, Website: www.clemisschool.in
CONGRATULATIONS TO THE OUTSTANDING ACHIEVERS OF STD: XII & X
CBSE BOARD EXAM 2020
FULL A1 HOLDERS (XII)
Aksa P Mathew
Godson Thomas Mathew
90% and above (XII)
Gaury Santhosh
Faith Mathew
Anjana Shyam
Alen Mathew
Krishnaveni K.R
B Jayakrishnan
Anna Mathew
90% and above (X)
Amrutha K Shaji
Anupama M.S
Priya S Nair
Adarsh K Udayan
Lekshmi N
Govind C.A
Amritha V.N
Anjela Sabu
Libni Geo Jacob
Meekhal Elizabeth Bino
Sharon Sell Norbert
Sachu T Cherian
Pheba Mathew
Admissions open
classes LKG to Plus One
Plus One subjects- Physics, Chemistry, Mathematics, Biology, Malayalam, Computer, Commerce.





**CLEMIS Offset Press**

**Chingavanam**
**0481-2430176**

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മിസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക

(കളർ, ബ്ലാക്ക് & വൈറ്റ്)
നോട്ടീസുകൾ, ബ്രോഷറുകൾ,
സപ്ലിമെന്റുകൾ,
പ്രാർത്ഥനാ പുസ്തകങ്ങൾ

മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ, ചിങ്ങവനം
Ph: 9605250791


KURIAN'S SUPERMARKET
Opp. South Indian Bank, Eraviperoor
Mob: 9947191111
KURIAN'S SUPERMARKET
HOME DELIVERY
കുര്യൻസ് സൂപ്പർമാർക്കറ്റ്
ഇരവിപേരൂർ
ഏവരുടെയും സാന്നിദ്ധ്യസഹകരണം
പ്രതീക്ഷിച്ചുകൊള്ളുന്നു
മാനേജ്മെന്റ് & സ്റ്റാഫ്
കോവിഡ് കാലയളവായതിനാൽ സർക്കാരിന്റെയും
ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ
പാലിച്ചായിരിക്കും സ്ഥാപനം പ്രവർത്തിക്കുന്നത്.
Break the chain
Advt -O
Customer Care: 8606301814, E-mail: kurianssupermarket@gmail.com

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

### മോതിര വാഴ്വ്

വിവാഹിതരാകുന്ന മണവാളനെയും മണവാട്ടിയെയും പരി. സഭയാകുന്ന മണവാട്ടിയോടും ക്രിസ്തുവാകുന്ന മണവാളനോടും ഉപമിച്ചു കൊണ്ടാണ് വിവാഹ കൂദാശയിലെ പ്രാർത്ഥനകളും ഗീതങ്ങളും ക്രമീകരിച്ചിരിക്കുന്നത്. മ്ശിഹാ തന്റെ തിരുശരീരരക്തങ്ങൾ മോതിരമായി നൽകിയതു പോലെ കർത്താവിന്റെ സ്ഥാനപതിയായ പുരോഹിതൻ മണവാളനെയും മണവാട്ടിയെയും മോതിരങ്ങൾ വാഴ്ത്തി അണിയിക്കുന്നു.

''എന്നെ മാമോദീസായിൽ ആത്മീയായുധമണിയിച്ചാൽ,

വിരലിന്മേൽ മെയ് രക്തങ്ങൾ മോതിരമായെൻ പേർക്കേകി"

(സഭയാം തിരുസഭയാ മീ– ഞാൻ.......എന്ന ഗീതം)

''ജയകരമായ നിന്റെ ശരീരരക്തങ്ങൾ അതിന് മോതിരമായിട്ട് വെടിപ്പോടെ നീ നൽകി" (സെദറ). കർത്താവിന്റെ ശരീരരക്തങ്ങളോട് ഉപമിച്ചിരിക്കുന്നതിനാൽ മോതിരങ്ങൾ സഹനങ്ങളെ പ്രതിനിധീകരിക്കുന്നു.

"മോതിരമരുളിത്തിരുസഭയെ–മ്ശീഹാ–വേട്ടപ്പോൾ

പരിപാവനതനുരുധിരങ്ങൾ– കൈ–ക്കൊണ്ടാ-ഉവളും" (ധന്യ വിൺമൺവാസികളെ......)

"വിജാതീയ പുത്രിയെ തനിക്കു സഭയായി തിരഞ്ഞെടുത്ത് എല്ലാവിധ കളങ്കങ്ങളിൽനിന്നും മാലിന്യങ്ങളിൽ നിന്നും തന്റെ വിജയരക്തത്താൽ അവളെ വെടിപ്പാക്കുകയും ഭൗമിക സഭയ്ക്കു വിവാഹനിശ്ചയം ചെയ്ത് താൻ തന്നെ അവൾക്കു വരനായിത്തീരുകയും അശുദ്ധപിശാചുക്കളുടെ ദാസ്യത്തിൽ നിന്നു അവളെ രക്ഷിച്ച് സർവ്വവിധ കടങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും സ്വാതന്ത്ര്യം നൽകുകയും ചെയ്ത സ്വർഗ്ഗീയമണവാളനു സ്തുതി" (മോതിരവാഴ്വിന്റെ പ്രമിയോൻ).

കേവലം ഒരു സ്വർണ്ണാഭരണം എന്നതിനേക്കാൾ ഉപരി വാഴ്ത്തിയ മോതിരത്തിന്റെ മഹത്വം നാം അറിഞ്ഞിരിക്കണം.

"മഹത്വവസ്ത്രം (Retre of Glory) നീ അതിനെ ധരിപ്പിച്ചു. വെള്ളം കൊണ്ടും ആത്മാവുകൊണ്ടും അതിന് വിവാഹനിശ്ചയം നടത്തി. അതിനെ നിനക്കു വധുവാക്കിത്തീർക്കുകയും ശത്രുവിന്റെ തലയിൽ ശക്തിയോടെ ചവിട്ടുകയും ചെയ്തു. ജയകരമായ നിന്റെ ശരീരങ്ങൾ അതിന് മോതിരമായിട്ട് വെടിപ്പോടെ നീ നൽകി"(സെദറ).

മഹത്വവസ്ത്രം ഏദൻ തോട്ടത്തിൽ ആദം വിലക്കപ്പെട്ട



കനി തിന്നതിലൂടെ നഷ്ടപ്പെടുത്തിയത് കർത്താവ് ക്രൂശ്മരണത്തോടെ മണവാട്ടി സഭയ്ക്ക് തന്റെ ശരീരരക്തങ്ങൾ ദാനം ചെയ്തതിലൂടെ തിരിച്ചു നൽകി. വി.മാമോദീസായിലൂടെ സഭയെ വിവാഹം നിശ്ചയം ചെയ്തു. ശത്രുവാകുന്ന സാത്താനെ തോൽപ്പിക്കുവാൻ തന്റെ ശരീര രക്തങ്ങൾ സഭയ്ക്ക് മോതിരമായി നൽകി. ഈ ദൈവശാസ്ത്രം നമ്മെ പ്രബോധിപ്പിക്കുന്നത് ഈ മോതിരം വധൂവരന്മാർ പരസ്പരം

അണിയിക്കുവാൻ അവർക്ക് അവകാശമില്ല; കർത്താവിന്റെ പ്രതിനിധിയായ പുരോഹിതൻ തന്നെ ദമ്പതികൾക്ക് നൽകണം. സഹനത്തിന് പരസ്പരം സമർപ്പിക്കണം. സഹനങ്ങൾ സന്തോഷമായി മാറണം.

"ഭാര്യാഭർത്താക്കന്മാരുടെ സന്തോഷം മോതിരങ്ങളാൽ പൂർത്തീകരിക്കപ്പെടുകയും വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്നവരുടെ ആനന്ദം മോതിരങ്ങളിൽ കൂടി ഏകീകരിക്കപ്പെടുകയും ചെയ്യണമെന്ന് നിശ്ചയിച്ചവൻ നീയാകുന്നു"

മോതിരവാഴ്വിന്റെ സെദറയിൽ ഉൾപ്പെടുന്ന ഭാഗമാണിത്. സന്തോഷത്തോടെ ജീവിക്കുവാനുള്ള അനുഗ്രഹമാണ് ഈ മോതിരത്തിൽ കൂടി ലഭിക്കുന്നത്. മാത്രമല്ല ഈ മോതിരം അനശ്വരമായ മണവറയിലേക്കുള്ള, നിത്യജീവനിലേക്കുള്ള വഴികൂടിയാണ്.

"അതെങ്ങനെയാണച്ചോ? വിവാഹജീവിതം എങ്ങനെയാണ് നിത്യജീവനിലേക്കുള്ള വഴിയാകുന്നത്?

"നശ്വരമായ ഈ മണവറയിൽ ഇവരുടെ ആയുഷ്ക്കാലം മുഴുവനും വിവിധ തരത്തിൽ ഇവരെ അലങ്കരിക്കുകയും ഈറേന്മാരും മാലാഖമാരും ഇടവിടാതെ സന്തോഷിച്ചുകൊണ്ടിരിക്കുന്ന ആ സ്വർഗ്ഗീയ മണവറയിലേക്കു കരുണയോടെ ഇവരെ ആനയിക്കുകയും ചെയ്യേണമെ".(സെദറ)

അനശ്വരമായ മണവറയിലേക്കു പോകുന്നതിനുള്ള ഒരുക്കകാലമാണ് നശ്വരമായ ഈ മണവറ. അനശ്വരമണവറയിൽ പ്രവേശിക്കുവാനുള്ള പ്രവേശന ടിക്കറ്റാണ് ഈ മോതിരം. നശ്വരമായ ഈ മണവറ ജീവിതത്തിൽ നിത്യജീവനിൽ പ്രവേശിക്കുവാൻ ഒരുങ്ങുക എന്നു പറഞ്ഞാൽ ദൈവാശ്രയത്തിൽ ജീവിക്കുകയും ക്രിസ്തു കേന്ദ്രീകൃതമായ ഒരു കുടുംബജീവിതം നയിക്കുകയും വേണം. ക്രിസ്തുവിന്റെ ശരീരരക്തങ്ങളെ പ്രതിനിദാനം ചെയ്യുന്ന വാഴ്ത്തിയ മോതിരം നിത്യജീവനായി നമ്മെ തയ്യാറാക്കുകയും ചെയ്യും. ഈ ഭൗതിക ജീവിതത്തിൽ യേശുവിനെ സാക്ഷിക്കുവാനുള്ള അനുഗ്രഹമാണ് വി. വിവാഹ കൂദാശയിലൂടെ ലഭിക്കുന്നത്. മോതിരം യേശുവിന്റെ സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിപ്പാൻ ദമ്പതികളെ സജ്ജരാക്കുന്നു. ഓരോ ഭാര്യഭർത്താക്കന്മാരും തിരിച്ചറിയേണ്ട വസ്തുതയാണ് തങ്ങൾ സ്വീകരിച്ചിട്ടുള്ള വാഴ്ത്തിയ മോതിരത്തിന്റെ മഹത്വം. വാഴ്ത്താൻ നൽകുന്ന മോതിരത്തിന്റെ ഭംഗിയോ തൂക്കമോ എന്തിനധികം അതിന്റെ ലോഹം തന്നെയും ഒട്ടും പ്രസക്തമല്ല. മറിച്ച് പ്രസക്തമായത് ആ മോതിരത്തിന്റെ പ്രാധാന്യം തന്നെയാണ്. ഈ തിരിച്ചറിവ് ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തിന്റെ ഊഷ്മളത വർദ്ധിപ്പിക്കും.

## കിരീടം വാഴ്വ്

കുടുംബത്തിലെ രാജാവും രാജ്ഞിയുമായി മണവാളനെയും മണവാട്ടിയെയും കിരീടധാരണം ചെയ്യുന്നതാണ് കിരീടവാഴ്വ്. കിരീടത്തിന് പകരം മാല വാഴ്ത്തി നൽകിയാണ് ഈ ശുശ്രൂഷ പൂർണ്ണമാക്കുന്നത്. മണവാളന്റെയും മണവാട്ടിയുടെയും ശിരസ്സിൽ കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം ആശീർവദിക്കുന്നതാണ് കിരീട വാഴ്വ്

"വാനീന്നുടയോൻ – കൈയാൽ
മകുടംഘോഷമിറ –ങ്ങുന്നു.
മണവാട്ടിയെയാ – ചാര്യൻ
അണിയിക്കും മകുടം – രമ്യം"



പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനയാണിത്. സ്വർഗ്ഗത്തിൽ നിന്നും ദൈവംതമ്പുരാന്റെ കൈയ്യാൽ ആഘോഷത്തോടെ ഇറങ്ങി പട്ടക്കാരൻ ഈ കിരീടം മണവാളനെ/മണവാട്ടിയെ അണിയിക്കുന്നു.

പട്ടക്കാരൻ/മേൽപ്പട്ടക്കാരൻ ശ്രുതിമധുരമായി ചൊല്ലുന്ന ഈ ഗീതം ജീവിതത്തിൽ എന്നും അവിസ്മരണീയമായി നിലകൊള്ളുന്നു.

"ആരെങ്കിലും ആ നിമിഷം ഓർക്കുന്നുണ്ടോ"?

അച്ചൻ ചോദിച്ചു. രജനിയാണ് മറുപടി പറഞ്ഞത്.

"എന്റെ അച്ചോ, ടെൻഷൻ അടിച്ചു നിൽക്കുമ്പോൾ അതൊന്നും ഓർക്കാൻ പറ്റത്തില്ല. പിന്നെ അതൊക്കെ ഓർക്കണമെങ്കിൽ വീഡിയോ കാണേണ്ടിവരും".

എല്ലാവരും ചിരിച്ചു.

എത്രയോ അനുഗ്രഹിക്കപ്പെട്ട പ്രാർത്ഥനയാണ്. കാർമ്മികൻ പ്രാർത്ഥന ചൊല്ലി നൽകുന്ന മാല എത്രയോ ആത്മാർത്ഥമായിട്ടാണ് നൽകുന്നത്. അതിന്റെ അനുഗ്രഹം അവർക്കുണ്ടാകും. അച്ചന്റെ പ്രാർത്ഥനയ്ക്ക് പ്രതിവചനം ഇങ്ങനെയാണ്.

മണവാളൻ തൻ – മകുടം
തിരുമുൾമുടിയോ – ടു സദൃശ്യം
മണവാട്ടിയുടെ – മകുടം
സതിമാർമുടി – യോടു സദൃശ്യം

മണവാളന്റെ കിരീടം കർത്താവ് അണിഞ്ഞ മുൾകിരീടത്തിന് സദൃശ്യവും മണവാട്ടിയുടെ കിരീടം കർത്താവിനെ മണവാളനായി സ്വീകരിച്ച വ്രതന്മാരുടെ കിരീടത്തിന് സദൃ

ശ്യവുമാണ്. രണ്ട് കിരീടങ്ങളും സഹനത്തിന് മുൻതൂക്കം നൽകുന്നതാണ്. സഹനങ്ങളെ ഏറ്റെടുക്കുവാൻ മനസ്സിനെ സജ്ജമാക്കുകയാണ്. ആയുഷ്ക്കാലം മുഴുവൻ സന്തോഷിക്കുവാൻ ഈ കിരീടം നമ്മെ സഹായിക്കും. സന്തോഷ കിരീടങ്ങളെ പ്രദാനം ചെയ്യുന്നു.

"തന്റെ വല്ലഭത്വത്തിന്റെ മഹിമയ്ക്കായി മണവാളന്മാർക്കും മണവാട്ടികൾക്കും സന്തോഷ കിരീടങ്ങളെ പ്രദാനം ചെയ്യുന്നവനുമായ കർത്താവിനു സ്തുതി". (പ്രമിയോൻ- കിരീടം വാഴ്വ്)

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ കിരീടങ്ങളും ഇവ വയ്ക്കപ്പെടുന്ന ശിരസ്സുകളും എന്നന്നേയ്ക്കും ആശീർവദിക്കപ്പെട്ട് പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം കാർമ്മികൻ ആശീർവദിച്ചു നൽകുകയാണ് കിരീടം. കിരീടങ്ങൾ മാത്രമല്ല മണവാളനെയും മണവാട്ടിയെയും അനുഗ്രഹിക്കുന്നു ഈ പ്രാർത്ഥനയിലൂടെ.

"മുടിയാൽ മണവാളനും മണവറയാൽ മണവാട്ടിക്കും ആനന്ദം നൽകണമെയെന്ന് പ്രാർത്ഥിക്കുന്നു".

ഈ കിരീടം ആനന്ദം പ്രദാനം ചെയ്യുന്നതാണ്. കുടുംബത്തിലെ രാജാവും രജ്ഞിയുമായി സന്തോഷപൂർണ്ണമായ ജീവിതം നയിക്കുവാൻ ദൈവം ഇവരെ വിളിച്ചു ചേർക്കുന്നു.

"കർത്താവു നിന്നെ നീതിയിൻ കിരീടം ധരിപ്പിക്കയും അക്ഷയമായ അലങ്കാരങ്ങളാൽ അലങ്കരിക്കയും ശത്രുവിന്റെ സകല ശക്തിക്കും എതിരായി അജയ്യമായ ആയുധം ധരിപ്പിക്കയും ചെയ്യട്ടെ" (കിരീടം അണിയിക്കുമ്പോഴുള്ള പ്രാർത്ഥന).

വാഴ്ത്തിയ കിരീടം (മാല) മണവാളനെ കാർമ്മികൻ അണിയിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയാണിത്. ജീവിതപോരാട്ടത്തിനുള്ള ആത്മീയ ആയുധമാണ് ഈ കിരീടം. കുടുംബസ്ഥനായ ഒരുവന് ഈ ലോകത്തിൽ ജീവിക്കുവാനും നിലനിൽക്കുവാനും ഈ ആത്മീയ ആയുധം ശക്തി നൽകും. ദൈവസാന്നിധ്യമാണ് ഈ കിരീടധാരണത്തിൽ നിന്ന് ലഭിക്കുന്നത്. എല്ലാവിധ ഐശ്വര്യങ്ങളും ദൈവകൃപകളും ശത്രുവിനോട് എതിർത്തു നിൽക്കുവാനുള്ള പ്രാപ്തിയും ഈ കൂദാശ വഴി ലഭിക്കുന്നു.

മണവാട്ടിയെ കിരീടമണിയിക്കുമ്പോൾ "നീതിയിൻ കിരീടവും അക്ഷയഭംഗിയുള്ള അലങ്കാരങ്ങളും കർത്താവ് നിന്നെ ധരിപ്പിക്കട്ടെ"യെന്നു പ്രാർത്ഥിക്കുന്നു. മാത്രമല്ല ആയുഷ്ക്കാലം മുഴുവനും സന്തോഷിക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യുന്നു. വിവാഹകൂദാശയിലൂടെ അനുഗ്രഹിക്കപ്പെട്ട സന്തുഷ്ട കുടുംബ ജീവിതം സാധ്യമാകുവാനുള്ള ദൈവകൃപ ലഭിക്കുന്നു. പരി.സഭയുടെ കുടുംബ ജീവിതത്തിലൂടെ സഭ വളരുവാൻ ആവശ്യമായ എല്ലാ ആശീർവാദങ്ങളും കിരീടധാരണത്തിലൂടെ ലഭിക്കുന്നു.

"എന്റെ അച്ചോ, അച്ചനൊരു സംഭവമാണ് കേട്ടോ. പെണ്ണു കെട്ടിയപ്പോൾ ഈ വക കാര്യങ്ങൾ വല്ലതും അറിഞ്ഞുകൊണ്ടാണോ കെട്ടിയത്. ഇപ്പോഴല്ലെ ഈ കൂദാശയുടെ ഗൗരവം പിടികിട്ടിയത്. അച്ചൻ ഇവയൊക്കെ വിശദീകരിച്ചപ്പോഴാണ് വിവാഹകൂദാശയുടെ മഹത്വം തിരിച്ചറിയാൻ കഴിഞ്ഞത്"

ബിനുവിന്റെ വക കമന്റ് കേട്ട് എല്ലാവരും ചിരിച്ചു.

"എടോ ബിനു, ചുമ്മാതങ്ങ് അച്ചനാകുവാൻ കഴിയുമോ? പഠിക്കേണ്ടതൊക്കെ പഠിക്കണം. നിങ്ങൾക്ക് ജ്ഞാനം പകർന്ന് തരുവാൻ ദൈവവിളി കിട്ടിയ ഞങ്ങൾ ജ്ഞാനം പ്രാപിക്കാതെയിരുന്നാൽ ശരിയാകുമോ?

മലാഖി 2:7 "പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകുകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചു വയ്ക്കേണ്ടതും ഉപദേശം അവനോട് ചോദിച്ചു പഠിക്കേണ്ടതും അല്ലോ?"

എന്നു പറയുന്നതുപോലെ പുരോഹിതൻ ലോകപരമായും സഭാപരമായും വിദ്യയുള്ളവനായിരിക്കണം.

സഭയെക്കുറിച്ചും കൂദാശകളെക്കുറിച്ചും സഭാപാരമ്പര്യത്തെക്കുറിച്ചും വിശ്വാസികളുടെ സംശയങ്ങൾക്കു മറുപടി നൽകേണ്ടവനാണ് വൈദികൻ. അതുകൊണ്ട് വെറുതെ അച്ചനാകുവാൻ കഴിയില്ല. അതിന് നന്നായി അദ്ധ്വാനിക്കണം. നന്നായി പഠിക്കണം. വൈദികൻ വിദ്യയുള്ളവനാണെങ്കിലേ ഇടവകജനങ്ങളെ ശരിയായ ദിശയിൽ നയിക്കുവാൻ കഴിയൂ

(തുടരും).



## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**


## ശുഭചിന്തകൾ

***നാം മുന്നോട്ടാണ് പോവുക, പക്ഷേ ജീവിതം പഠിക്കേണ്ടത് പിന്നോട്ടു നോക്കിയാണ്. പിന്നിട്ട വഴികൾ നമ്മുടെ പാഠശാലയാക്കാം. ജയപരാജയങ്ങളെ വിലയിരുത്തി കുറവുകൾ പരിഹരിച്ച് മുന്നോട്ടു നീങ്ങാം.***



# ഇന്ത്യയുടെ വിദ്യാഭ്യാസ ഉദാരവത്കരണ നയം

ഡോ. ബാബു സെബാസ്റ്റ്യൻ

2020 ജൂൺ 24 ന് വാഷിംഗ്ടണിൽ നടന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ ഇന്ത്യയുടെ മനുഷ്യമൂലധന വികസനത്തിനായി വിപുലമായ ഒരു പദ്ധതിയ്ക്ക് അംഗീകാരം നല്കിക്കൊണ്ട് ലോകബാങ്കിന്റെ ഇന്ത്യൻ ഡയറക്ടർ ജുനൈദ് അഹമ്മദ് ഇപ്രകാരമെഴുതി: “India recognize the need to significantly improve its learning outcomes to fuel future growth and meet the demands of the labour market... Investing more in early years of education will equip children with the skills required to compete for the jobs of the future”

2020 ജൂലൈ 29-ന് പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന് അംഗീകാരം നല്കുമ്പോൾ കേന്ദ്രഗവൺമെന്റ് ലക്ഷ്യം വച്ചതും ഇതുതന്നെയാണ്. പോരായ്മകൾ തിരിച്ചറിയുന്നു. കാതലായ മാറ്റത്തിന് തുടക്കം കുറിക്കുന്നു. ഗുണപരമായ വളർച്ച ലക്ഷ്യം വയ്ക്കുന്നു, തൊഴിൽ കമ്പോളത്തിന്റെ ആവശ്യങ്ങൾക്കു മുൻഗണന നല്കുന്നു, പ്രാഥമിക വിദ്യാഭ്യാസത്തിനു ശ്രദ്ധ കൊടുക്കുന്നു. പുതിയ മുതൽ മുടക്ക് ഉറപ്പുവരുത്തുന്നു. വിദ്യാർത്ഥികളുടെ കഴിവിന് ഊന്നൽ നല്കുന്നു. മത്സരക്ഷമത വർദ്ധിപ്പിക്കുന്നു. രാജ്യത്തിന്റെ ഭാവി വളർച്ച ഉറപ്പുവരുത്തുന്നു. മൂന്നര പതിറ്റാണ്ടിനുശേഷം നിലവിൽ വന്ന പുതിയ വിദ്യാഭ്യാസനയം അടുത്തു മൂന്നു പതിറ്റാണ്ടുകാലത്തെ ഇന്ത്യയുടെ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്.

ലോകമെമ്പാടും 2030-ഓടുകൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തി യുനെസ്കോ 2015 ൽ പ്രഖ്യാപിച്ച SDG4 Education 2030 നയരേഖയുടെ കാതലായ ലക്ഷ്യവും ഇതുതന്നെയായിരുന്നു.

2018 ൽ ലോകബാങ്ക് തയ്യാറാക്കിയ മനുഷ്യമൂലധന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം താരതമ്യേന പിന്നിലാണ്. 157 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 115-ാമതാണ്. ജനസംഖ്യയുടെ 65 ശതമാനത്തിലധികവും തൊഴിൽ പ്രായത്തിലുള്ള ഇന്ത്യ തൊഴിലധിഷ്ഠിത പഠനരീതിയിലും തൊഴിൽ കഴിവുകളിൽ ഊന്നിയുള്ള ബോധനശാസ്ത്രത്തിലും ചുവടുറപ്പിക്കുന്നു എന്നത് പുതിയ പ്രതീക്ഷ നല്കുന്നു.

20-ാം നൂറ്റാണ്ടിൽ നിന്ന് 21-ാം നൂറ്റാണ്ടിലെത്തിയപ്പോൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഘടന, ഉള്ളടക്കം, പ്രയോഗം, പ്രയോജനം എന്നീ തലങ്ങളിലെല്ലാം നിരവധി മാറ്റങ്ങളും പുതുമകളും വന്നുചേർന്നിരിക്കുന്നു. ശാസ്ത്രത്തിൽ നിന്നു സാങ്കേതിക വിദ്യയിലേക്കും, അറിവിൽ നിന്നു കഴിവിലേക്കും, വിജ്ഞാനത്തിൽ നിന്നു തൊഴിലിലേയ്ക്കും, അദ്ധ്യാപകനിൽ നിന്നു വിഭവത്തിലേക്കും, ശ്രവണത്തിൽ നിന്നു കാഴ്ചയിലേക്കും, യാഥാർത്ഥ്യത്തിൽ നിന്നു സാങ്കല്പികതയിലേക്കും, പേപ്പറിൽ നിന്നു ഡിജിറ്റലിലേക്കും എല്ലാം ആഗോളതലത്തിൽ വിദ്യാഭ്യാസം മാറിക്കഴിഞ്ഞിരിക്കുന്നു. 21-ാം നൂറ്റാണ്ടിൽ ലോകത്താദ്യമായി അവതരിപ്പിച്ച ഇന്ത്യയുടെ വിദ്യാഭ്യാസനയം ഈ പരിണിതാവസ്ഥയുടെയെല്ലാം സത്തയും സാധ്യതയും ഉൾക്കൊണ്ടിട്ടുണ്ട്.

സ്കൂൾ-കോളജ് ഘടനയിൽ വന്ന പുതുമ, മന്ത്രാലയത്തിന്റെ പേരുമാറ്റം, യു.ജി.സിയുടെ സംവിധാനത്തിൽ വന്ന വ്യതിയാനം എന്നിങ്ങനെ ബാഹ്യസ്പർശിയായ ചർച്ചകളാണ് ദേശീയ വിദ്യാഭ്യാസ നയത്തെ ചുറ്റിപ്പറ്റി പുരോഗമിക്കുന്നത്. എന്നാൽ, അടുത്ത പത്തുവർഷം കൊണ്ട് ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്ന ഗുണമേന്മയിലൂന്നിയുള്ള പ്രക്രിയയ്ക്ക് അടിത്തറ പണിയുകയാണ് കസ്തൂരിരംഗൻ സമിതി ചെയ്തിരിക്കുന്നത്.

2030-തിനകം എല്ലാവർക്കും സ്കൂൾപ്രവേശനം ഉറപ്പുവരുത്തുക, നൂറുശതമാനം സാക്ഷരതയും, അമ്പതുശതമാനം പേർക്ക് ഉന്നതവിദ്യാഭ്യാസവും യാഥാർത്ഥ്യമാക്കുക, അടിസ്ഥാന വിദ്യാഭ്യാസം മാതൃഭാഷയിൽ തന്നെ ലഭ്യമാക്കുക, അഫിലിയേഷൻ രീതി ഒഴിവാക്കി എല്ലാ കോളേജുകൾക്കും സ്വയംഭരണം ലഭ്യമാക്കുക, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മികച്ച ഗവേഷണ കേന്ദ്രങ്ങളാക്കി ഉയർത്തുക, വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നല്കുക, ഉപരിപഠനത്തിനായി ഇൻഡ്യൻ വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് തടയുക, ഓൺലൈൻ വിദ്യാഭ്യാസത്തിന് വിപുലമായ സംവിധാനം ഒരുക്കുക, അറിവിനോടൊപ്പം കഴിവിലും മൂല്യബോധത്തിലും ഊന്നിയുള്ള മൂല്യനിർണ്ണയം യാഥാർത്ഥ്യമാക്കുക എന്നിവയെല്ലാം പുതിയ വിദ്യാഭ്യാസ നയത്തിന്റെ കാതലായ ഘടകങ്ങളാണ്.

1991-ലെ സാമ്പത്തിക പ്രതിസന്ധിക്കു പരിഹാരമായി നരസിംഹറാവു ഗവൺമെന്റ് ഒരു ‘ന്യൂ ഇക്കണോമിക് പോളിസിക്കു രൂപം നല്കി. ഉദാരവത്കരണം, ആഗോളവത്കരണം, സ്വകാര്യവത്കരണം എന്നിവയായിരുന്നു അതിന്റെ അടിസ്ഥാനശിലകൾ. സമാനമായ പ്രതിസന്ധി നമ്മുടെ വിദ്യാഭ്യാസ മേഖല ഇന്ന് അഭിമുഖീകരിക്കുകയാണ്. ഇന്ന് അംഗനവാടികളിൽ മുതൽ ഉന്നത ഗവേഷണ സ്ഥാപനങ്ങളിൽ വരെ ഗുണമേന്മയിലും സുസ്ഥിരവികസനത്തിലും ഊന്നിയുള്ള മാറ്റം വിഭാവനം ചെയ്യുന്ന പുതിയ നയത്തെ വിദ്യാഭ്യാസ ഉദാരവത്കരണമായി കണക്കാക്കാം. വിപുലമായ ലക്ഷ്യവും ശ്രമകരമായ ദൗത്യവുമാണ് ഈ നയം മുന്നോട്ടുവയ്ക്കുന്നത്.

(മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളുടെ മുൻ വൈസ് ചാൻസിലറാണ് ലേഖകൻ)

# സ്ലീബാ പെരുന്നാൾ

ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ (ക്ലീമ്മീസ് പ്രസ്സ്, മാനേജർ)

എല്ലാ വർഷവും സെപ്തംബർ മാസം 14-ാം തീയതി സ്ലീബാ പെരുന്നാൾ വി. സഭ കൊണ്ടാടുന്നു. വി. സഭയുടെ പ്രാർത്ഥന കാലയളവിനെ രണ്ടായി തരം തിരിക്കുന്ന കാല ഘട്ടവും കൂടിയാണ് വി. സ്ലീബാ പെരുന്നാൾ. സ്ലീബാ പെരുന്നാളിൽ ഒരു പുതിയ ആരാധന കാലഘട്ടം ആരംഭിക്കുന്നു. സെപ്തംബർ 14 മുതൽ ഉയർപ്പു പെരുന്നാൾ വരെ സ്ലീബാ നമസ്ക്കാരവും, ഉയർപ്പു മുതൽ സ്ലീബാ വരെ ക്യംതാ നമസ്ക്കാരവും പ്രാർത്ഥനകൾക്കായി വി. സഭയിൽ ക്രമീകരിച്ചിരിക്കുന്നു. ഈ ലേഖനത്തിൽ കൂടെ സ്ലീബാ പെരുന്നാൾ നമുക്കു നൽകുന്ന ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

**1. സ്ലീബാ വിജയത്തിന്റെ അടയാളം**

നിന്ദ്യമായ വധശിക്ഷയുടെ ഉപകരണമായിരുന്ന കുരിശ് ഇന്ന് നമ്മുടെ വിജയത്തിന്റെ കൊടിയായി തീർന്നത് പാപമില്ലാത്തവനായ യേശു നമുക്കുവേണ്ടി കുരിശിൽ മരിച്ചതിനാൽ ആണ്. സാത്താനാകുന്ന സർപ്പത്തിന്മേൽ യേശുക്രിസ്തു വിജയം നേടിയത് കുരിശുമരണത്തിലൂടെയാണ്.

യുദ്ധത്തിൽ പരാജിതനായി നിരാശയിലായിരുന്ന കോൺസ്റ്റൻന്റൈൻ ചക്രവർത്തി മാൾവിയൻ ബ്രിഡ്ജിലെ യുദ്ധത്തിന്റെ തലേദിവസം ആകാശത്ത് കുരിശ് അടയാളവും “ഇതിനാൽ ശത്രുവിനെ ജയിക്ക” എന്ന ലിഖിതവും കണ്ടു. പടയാളികൾ കുരിശടയാളം തുന്നിപ്പിടിപ്പിച്ച വസ്ത്രം ധരിച്ചുകൊണ്ട് യുദ്ധത്തിൽ ഏർപ്പെട്ടു. യുദ്ധം ജയിച്ചതോടെ കോൺസ്റ്റൻന്റൈൻ ചക്രവർത്തി മാനസാന്തരപ്പെട്ടു, സഭയോടും ചേർന്നു.

തുടർന്ന് ഇദ്ദേഹം തനിക്ക് വിജയം നൽകുവാൻ കാരണമായ കുരിശിനെ ബഹുമാനിക്കുന്നതിനും ക്രിസ്തുമതത്തെ ഔദ്യോഗികമായി സ്വീകരിക്കുന്നതിനും തയ്യാറായി.

രാജമാതാവായ ഹെലേന രാജ്ഞി യെരുശലേമിലെ കർത്താവിന്റെ കബറും ക്രൂശിൽ തറച്ച സ്ഥലവും കണ്ട് അനുഗ്രഹം പ്രാപിക്കുവാൻ യാത്ര തിരിച്ചു. യെരുശലേമിലെത്തിയ ഹെലേനി രാജ്ഞി യഹൂദന്മാരുടെ ഇടയിൽ കുരിശിനെക്കുറിച്ചുള്ള വിവരം അന്വേഷിക്കുകയും പ്രായം ചെന്ന, മൂപ്പനായ ശിമയോൻ എന്നയാൾക്ക് ഇതിനെക്കുറിച്ച് അറിവുണ്ടെന്നു മനസ്സിലാക്കി രാജ്ഞി അയാളെ വിളിപ്പിച്ചു.

ആദ്യം അദ്ദേഹം ഒഴിഞ്ഞുമാറിയെങ്കിലും, കർത്താവിന്റെ കുരിശിനെക്കുറിച്ച് അദ്ദേഹം നൽകിയ സൂചന അനുസരിച്ച് യഹൂദന്മാർ ചെളിയിൽ പൂഴ്ത്തിവച്ചിരുന്ന സ്ഥലം പരിശോധിച്ചപ്പോൾ മൂന്ന് കുരിശ് അവിടെ ലഭിക്കുകയുണ്ടായി.

ഇതിൽ ഒരു കുരിശ് സ്പർശിച്ച മാത്രയിൽ മൃതനായ മനുഷ്യന് ജീവൻ ലഭിക്കുകയും അങ്ങനെ അത് കർത്താവിന്റെ കുരിശാണെന്ന് മനസ്സിലാക്കുകയും ചെയ്തു. കർത്താവിന്റെ കുരിശ് റോമിലേയ്ക്ക് കൊണ്ടുപോകാനുള്ള ഏർപ്പാടുകൾ അപ്പോൾ തന്നെ ചെയ്തു.

ഈ പ്രദേശങ്ങളെല്ലാം റോമൻ ചക്രവർത്തിയുടെ ഭരണത്തിൻ കീഴിൽ ആയിരുന്നതിനാൽ കുരിശ് കടന്നു വരുന്ന വഴികളിൽ വലിയ സ്വീകരണം ഒരുക്കി. കുരിശ് റോമിലെത്തിയപ്പോൾ ചക്രവർത്തി നിലത്ത് കുമ്പിട്ട് കുരിശിനെ വണങ്ങി പ്രാർത്ഥിച്ചു. വെള്ളിയാഴ്ച പ്രഭാത നമസ്ക്കാരത്തിൽ (കാനോന നമസ്ക്കാരം/ശീമ നമസ്ക്കാരം) ഇപ്രകാരം കാണുന്നു.

“സ്ലീബാമരം ഊർശ്ലേമിൽ നിന്നു കൊണ്ടുപോയപ്പോൾ അതു കടന്നുപോയ സ്ഥലങ്ങളിൽ ആഘോഷപൂർവ്വം സ്വീകരിക്കപ്പെട്ടു.

സ്ലീബാ വന്നെത്തിയിരിക്കുന്നു എന്ന് രാജാവ് കേട്ട് തന്റെ സൈന്യത്തെക്കൂട്ടി അതിനെ എതിരേല്പാൻ പുറപ്പെട്ടു. അവൻ സ്ലീബായെ കണ്ട് തല വണങ്ങി അതിന്റെ മുമ്പിൽ വന്ദിച്ചു. അവൻ കൈനീട്ടി ശബ്ദമുയർത്തി സ്തുതി പാടി.

ശത്രുവിന്റെ ശക്തിയ്ക്ക് എതിരായി പോരാടുവാൻ സ്ലീബായെ എനിക്ക് തന്ന ദൈവപുത്ര നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു”.

സെപ്തംബർ 14 സ്ലീബാ പെരുന്നാളായി സുറിയാനി സഭ കൊണ്ടാടുന്നു. വി. സ്ലീബാ കോൺസ്റ്റൻന്റൈൻ ചക്രവർത്തിയുടെ വിജയത്തിന് കാരണമായി തീരുകയും ക്രിസ്തീയ സഭയ്ക്ക് പൊതുവിൽ അംഗീകാരം ലഭിക്കുന്നതിനും ഇടയായി.

അങ്ങനെ കർത്താവിന്റെ ക്രൂശ് മരണത്തിനു മുൻപുവരെ നിന്ദയുടെ അടയാളമായ കുരിശ് വിജയത്തിന്റെ അടയാളമായിത്തീർന്നു.

**2. സ്ലീബാ രക്ഷയുടെ അടയാളം**

ആദിമകാലത്ത് കുരിശ് നിന്ദയുടെ അടയാളമായിരുന്നു എങ്കിൽ കർത്താവിന്റെ കാൽവരി കുരിശുമരണത്തിനു ശേഷം അത് രക്ഷയുടെ അടയാളമായി മാറി.

കുരിശ് കാണുമ്പോൾ ഒരു വ്യക്തി തന്റെ പാപത്തെക്കുറിച്ച് ഓർക്കുകയും തന്റെ പാപങ്ങൾക്കുവേണ്ടി ശിക്ഷയേറ്റ ദൈവസ്നേഹത്തെ ദർശിക്കുകയും ഇനി പാപത്തിൽ ജീവിക്കുകയില്ല എന്നു തീരുമാനിക്കുകയും ചെയ്യുമ്പോൾ കുരിശ് രക്ഷയുടെ അടയാളമായി മാറുന്നു.

**3. സ്ലീബാ സഹനത്തിന്റെ അടയാളം**

യേശു പഠിപ്പിച്ചു "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെതന്നെ ത്യജിച്ച് തന്റെ ക്രൂശും എടുത്ത് എന്നെ അനുഗമിക്കട്ടെ. (മത്തായി 10:38).

സഹനത്തിന്റെ അടയാളമായ കുരിശ് ഉപേക്ഷിച്ച് ഒരു യാത്ര ക്രിസ്ത്യാനിക്കില്ല. കർത്താവിനെ പിൻപറ്റി നിത്യരാജ്യത്തിന് അർഹരായിത്തീരുവാൻ നാം നമ്മെ തന്നെ ത്യജിച്ച്, വിനയത്തിന്റെ മഹത്തായ മാതൃക ഉൾക്കൊണ്ട്, നമുക്കു ഈ ലോകത്തിലുള്ള സഹനങ്ങളെ എടുത്ത് യേശു തമ്പുരാനെ അനുഗമിക്കുവാൻ സാധിക്കണം. അതിന് ദൈവം തമ്പുരാൻ ഈ സ്ലീബാ പെരുന്നാളിൽ നമ്മെ ശക്തരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# ഇങ്ങനെയും ജീവിതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

കുമരകം സ്വദേശി മനോഹരൻ (55) ഏറെ നാളുകളായി ഹൃദയസംബന്ധമായ രോഗത്താൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പിന്നീട് അവിടെത്തന്നെ ബൈപ്പാസ് ഓപ്പറേഷനും നടത്തി. എന്നാൽ 2019-ൽ നടുവിനുണ്ടായ അസഹനീയമായ വേദനയെ തുടർന്ന് ആശുപത്രിയിലെത്തി വിദഗ്ദമായ പരിശോധനയിൽ കിഡ്നിയിൽ ഒരു മുഴയുണ്ടെന്നു കണ്ടെത്തി. അത് ഓപ്പറേഷൻ ചെയ്യുവാൻ കഴിയാത്തവിധത്തിലാണെന്നും ഡോക്ടേഴ്സ് അറിയിച്ചു. അതിനെ തുടർന്ന് കിഡ്നിയുടെ പ്രവർത്തനം ക്രമേണ സ്തംഭിച്ചു. അതിനാൽ ഡയാലിസിസ് ആരംഭിച്ചു. ഇപ്പോൾ അത് ആഴ്ചയിൽ മൂന്നു തവണ നടത്തിവരുന്നു. ഇദ്ദേഹം മത്സ്യത്തൊഴിൽ ചെയ്ത് കുടുംബം പുലർത്തി വരികയായിരുന്നു. ഇവർക്കു രണ്ടു മകനും, ഒരു മകളുമാണുള്ളത്. മകളുടെ വിവാഹം കഴിഞ്ഞു. ആൺമക്കൾ പെയ്ന്റിംഗ് ജോലിക്കു പോകുന്നു. ഇവർക്കു സ്വന്തമായി ഒരു വീടുപോലുമില്ല.

ഡയാലിസിസ് ആഴ്ചയിൽ മൂന്നു തവണ ചെയ്യുവാനുള്ള നിവർത്തി ഇവർക്കില്ല. ഓരോ തവണയും ഏകദേശം 2500 രൂപ ചിലവു വരുന്നുണ്ട്. ഇപ്പോഴും ഇടയ്ക്കിടെ നടുവിന്റെ വേദന വേട്ടയാടുന്നുണ്ട്. അത് ഏറെ അസഹനീയമാണ്. കണ്ടു നിൽക്കുവാൻപോലും കഴിയില്ലയെന്നാണ് അദ്ദേഹത്തിന്റെ ഭാര്യ പറയുന്നത്. നല്ലവരായ ആളുകളുടെ സഹായങ്ങൾകൊണ്ട് കാര്യങ്ങൾ നടക്കുന്നു. കാശില്ലാതെ വരുമ്പോൾ ഡയാലിസിസിനു പോകാറില്ല. അതിന്റേതായ അസ്വസ്ഥതകൾ അപ്പോൾ വരാറുമുണ്ട്. കഴിഞ്ഞ ദിവസം പോകേണ്ടതായിരുന്നു. പക്ഷെ പോയില്ല, കാശില്ലായിരുന്നു. കഴിയുമെങ്കിൽ സഹായിക്കണമെന്ന് ആ അമ്മ വിനയപൂർവ്വം അപേക്ഷിച്ചു. അവരോട് ആരോ പറഞ്ഞതാണ് ഞങ്ങളുടെ കാര്യം. ഒപ്പം പ്രാർത്ഥിക്കുവാനും അപേക്ഷിച്ചു.

നടുവൊടിക്കുന്ന ദാരിദ്ര്യത്തിന്റെ നടുവിലും ഭവനത്തിന്റെയും, ഭർത്താവിന്റെയും ചികിത്സാ കാര്യങ്ങൾക്കും ആയിട്ട് മക്കളുടെ വരുമാനം തികയാതെ വരുന്നതിന്റെ ബുദ്ധിമുട്ട് ആ അമ്മ പറഞ്ഞറിയിച്ചു. മക്കളാണെങ്കിൽ തങ്ങൾക്കു കിട്ടുന്ന കാശ് മറ്റ് യാതൊരു ദുർചിലവുകളും നടത്താതെ അച്ഛന്റെ ചികിത്സയ്ക്കായി അമ്മയുടെ അടുക്കൽ കൊണ്ടുകൊടുക്കും. മക്കളെക്കൊണ്ട് യാതൊരു ദു:ഖവുമില്ല. വീടും വീട്ടുകാര്യവും നോക്കുവാൻ അവർ ശ്രമിക്കുന്നുണ്ട്.

എളിയവനെയും, ദരിദ്രനെയും കുറിച്ച് ദൈവം വിചാരിക്കുന്നു. അവൻ അവരെ വിടുവിക്കുകയും, സഹായിക്കുകയും ചെയ്യുന്നു. സഹായിക്കുവാനും, വിടുവിക്കുവാനും ദൈവം തനിക്കായി തിരഞ്ഞെടുത്തിട്ടുള്ളവരാണ് ഓരോ വിശ്വാസിയും. അതുകൊണ്ട് സൃഷ്ടാവിനെ ശുശ്രൂഷിക്കുവാൻ ലഭിക്കുന്ന അവസരമാണ് അപരന്റെ ദാരിദ്ര്യം എന്നു കാണുവാൻ കഴിയണം. അതിനെ നിന്ദയായും, പരിഹാസമായും, പുച്ഛമായും, വെറുപ്പായും കാണാൻ ഇടയാകരുത്. (സദൃ.17:5) ൽ പറയുന്നു "ദരിദ്രനെ പരിഹസിക്കുന്നവൻ അവന്റെ സൃഷ്ടാവിനെ നിന്ദിക്കുന്നു." എന്നാൽ ദരിദ്രനോടു കരുണയും, ദയയും കാണിക്കുവാനും, അവന്റെ ആവശ്യങ്ങളോട് അനുകൂലമായ് പ്രതികരിക്കുന്നവനും അവന്റെ സൃഷ്ടാവിനെ ബഹുമാനിക്കുന്നു. (സദൃ.14:31) "ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവന്റെ ആവശ്യങ്ങളോട് അനുകൂലമായ് പ്രതികരിക്കുന്നവനും അവന്റെ സൃഷ്ടാവിനെ ബഹുമാനിക്കുന്നു. (സദൃ. 14:31) "ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവന്റെ സൃഷ്ടാവിനെ ബഹുമാനിക്കുന്നു. ഇങ്ങനെ നമ്മുടെ മുമ്പിൽ കാണുകയും, നാം കേൾക്കുകയും, നാം അറിയുകയും ചെയ്യുന്ന സംഭവങ്ങൾ നമ്മിലെ നന്മയുടെയും, കാരുണ്യത്തിന്റെയും കണ്ണുകളെ തുറക്കുവാൻ ദൈവം സംഗതിയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ●

# "മാതൃത്വം മഹത്വമാണ്"

റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ

സ്വന്തം സുഖത്തിനായി കുഞ്ഞിനെ പാറയിൽ അടിച്ചു കൊന്നവർക്കു മുന്നിൽ കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ സ്വയം മുതലയ്ക്ക് ഇരയാകുന്ന മൃഗത്തിനെ നമിക്കുന്നു. സമൂഹ മാദ്ധ്യമങ്ങളിൽ ഏറെ വൈറലായ ആ നേർക്കാഴ്ച ഒരുപക്ഷെ ചിലരെങ്കിലും കാണാനിടയില്ല. ഏറെ ഹൃദയസ്പർശിയായ ആ രംഗം വർണ്ണനങ്ങൾക്കതീതമായ കാഴ്ചയായിരുന്നതുകൊണ്ട് വായനക്കാരിലേക്ക് ആ സംഭവം എത്തിക്കുക എന്ന എളിയ ദൗത്യം ഞാൻ ഏറ്റെടുക്കുന്നു. തടാകത്തിൽ നീന്തിക്കളിക്കുന്ന മാൻകുട്ടിക്കു നേരെ പാഞ്ഞടുക്കുന്ന മുതലയിൽനിന്നും തന്റെ കുഞ്ഞിനെ രക്ഷിക്കാൻ തള്ളമാൻ, മുതലയ്ക്ക് മുന്നിലേയ്ക്ക് നീന്തിച്ചെന്ന്, മുതലയ്ക്ക് ആഹാരമായി സ്വയം തീർന്നുകൊണ്ട് തന്റെ കുഞ്ഞിനെ മുതലയിൽനിന്നു രക്ഷിക്കുന്ന ആ നേർക്കാഴ്ച ഏതൊരു ഹൃദയത്തെയും വല്ലാതെ നൊമ്പരപ്പെടുത്തുകയോ, വികാരാധീനമാക്കുകയോ ചെയ്യും. വിവേകി എന്ന് സ്വയം വിശേഷിപ്പിക്കുകയോ, അഭിമാനിക്കുകയോ ചെയ്യുന്ന മനുഷ്യൻ ചെയ്യാത്ത മഹത്തായ ത്യാഗം ഒരു മിണ്ടാപ്രാണി ചെയ്തത് ഏറെ വൈകാരികതയോടെ വായനക്കാർ ഏറ്റെടുത്തു എന്നത് ഏറെ ശ്രദ്ധേയം. അനുദിനം നമ്മുടെ സ്വയത്തിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം പ്രവർത്തികൾ മനുഷ്യരിൽ നിന്നും തീരെ പ്രതീക്ഷിക്കുകവയ്യല്ലോ, എന്നിരുന്നാലും അത്തരം ചില അപൂർവ്വ കാഴ്ചകൾ മനുഷ്യരിൽ ചില അവബോധങ്ങൾ ജനിപ്പിക്കുവാൻ പ്രകൃതി ഒരുക്കുന്ന അസുലഭ സന്ദർഭമായി നമുക്ക് കരുതിക്കൂടെ? സ്വന്തം താത്പര്യം സംരക്ഷിക്കാൻ രക്തത്തിൽ പിറന്ന കുഞ്ഞിനെ പാറയിൽ അടിച്ചുകൊന്നും, പിഞ്ചു പൈതലിനെ കടലിൽ എറിഞ്ഞു കൊന്നതിനുശേഷം ഭർത്താവിനേയും ഉപേക്ഷിച്ച് മറ്റൊരാൾക്കൊപ്പം ജീവിക്കാൻ മന:സാക്ഷിയെപ്പോലും പണയപ്പെടുത്തിക്കൊണ്ട് പുറപ്പെട്ടുപോകുന്ന പല വേദനാജനകങ്ങളായ കാഴ്ചകൾ ഇന്നു സമൂഹത്തിൽ സാധാരണമായിക്കഴിഞ്ഞു. മറ്റുള്ളവർക്കു വേണ്ടി എന്തെങ്കിലും ഒക്കെ സഹിക്കുക എന്ന വിലപ്പെട്ട ത്യാഗം മനുഷ്യരിൽനിന്നും ഇന്ന് അന്യമായിക്കൊണ്ടിരിക്കുമ്പോൾ, മൃഗങ്ങൾക്കുള്ള വിവേകമെങ്കിലും, മനുഷ്യനുണ്ടായെങ്കിൽ എന്ന് നമുക്കാശിക്കാം. സ്വയം ത്യജിച്ചുകൊണ്ട് മാനവരാശിയുടെ രക്ഷയ്ക്കായി തന്നെ ക്രൂശ് മരണത്തിന് ഏല്പിച്ചുകൊടുത്ത യേശുക്രിസ്തുവിനെ ഇത്തരുണത്തിൽ നമുക്ക് മാതൃകയാകാം. ദൈവത്തെ മറന്നും ലോകത്തെ സ്നേഹിച്ചും ജീവിക്കുന്ന മനുഷ്യർക്ക്, ദൈവത്തിന്റെ തന്നെ സൃഷ്ടിയായ മൃഗങ്ങൾ പഠിപ്പിച്ചു തരുന്ന പാഠങ്ങൾ ലജ്ജയോടെ നോക്കിനിൽക്കേണ്ടി വരുന്നു അല്ലെ? നന്മക്കും പരോപകാരത്തിനും, സ്വയം സമർപ്പണത്തിനും നമുക്കും തയ്യാറാകാം.

മല്പാനോടു ചോദിക്കാം

# എട്ടുനോമ്പിന്റെ പ്രസക്തിയെന്ത്? അത് ആചരിക്കേണ്ടതുണ്ടോ?



മൂന്ന് നോമ്പ്, വലിയ നോമ്പ്, ശ്ലീഹാ നോമ്പ്, ശൂനോയോനോമ്പ് (മാതാവിന്റെ വാങ്ങിപ്പ്), യൽദോ നോമ്പ് (കർത്താവിന്റെ ജനനം) എന്നിങ്ങനെ അഞ്ചു നോമ്പാണ് കാനോനിക നോമ്പായി പരി. സുറിയാനിസഭ അംഗീകരിച്ചിട്ടുള്ളത്. അതു നിർബന്ധമായി ആചരിക്കുവാൻ എല്ലാ വിശ്വാസികളും കടപ്പെട്ടിരിക്കുന്നു. എന്നാൽ എട്ടു നോമ്പ് കാനോനികമായി പരി.സഭ അംഗീകരിച്ചിട്ടില്ലാത്തതിനാൽ അത് ആചരിക്കണമെന്ന് നിർബന്ധമില്ല.

പരി. ദൈവമാതാവിന്റെ ജനനവുമായി ബന്ധപ്പെട്ട് രൂപം പ്രാപിച്ച നോമ്പാണ് എട്ടുനോമ്പായി അറിയപ്പെടുന്നത്. "അമലോത്ഭവം" (കന്യകമറിയാം ജന്മപാപം കൂടാതെ ജനിച്ചു) എന്ന കത്തോലിക്കാ സഭയുടെ പഠിപ്പിക്കലാണ് ഈ നോമ്പിന്റെ അടിസ്ഥാനം. പരി. സുറിയാനിസഭ ഈ വാദം അംഗീകരിക്കുന്നില്ല. യൂയാക്കിം-ഹന്നാ ദമ്പതികളിൽ നിന്ന് ഒരു സാധാരണ സ്ത്രീയായി മറിയാം ജനിച്ചു എന്നും അവളുടെ ജീവിത വിശുദ്ധിയാലും, താഴ്മയാലും ദൈവം അവളെ തിരഞ്ഞെടുത്തു എന്നുമാണ് പരി. സഭ വിശ്വസിക്കുന്നത്. വി.കന്യകമറിയാമും എലിശബേത്തും തമ്മിൽ നടന്ന കൂടിക്കാഴ്ചയിൽ പരിശുദ്ധാത്മാ പ്രേരിതയായി മറിയാം പാടിയ പാട്ടിൽ "അവൻ തന്റെ ദാസിയുടെ താഴ്മ നോക്കികണ്ടു. അതിനാൽ ഇന്നുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" (ലൂക്കോസ് 1:39-55) എന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

പരി. സുറിയാനി സഭ യേശുക്രിസ്തുവിന്റെ ജന്മദിനം മാത്രമേ ഔദ്യോഗികമായി ആഘോഷിക്കുന്നുള്ളൂ. ബാക്കി എല്ലാവരുടേയും മരണദിനമാണ് ആഘോഷപൂർവ്വം കൊണ്ടാടുന്നത്. അതിനാൽ ദൈവമാതാവിന്റെയും വാങ്ങിപ്പുപെരുന്നാളാണ് സഭ ആഘോഷിക്കുന്നത്. ശ്ലീഹന്മാരുടേയും, സഹദേന്മാരുടെയും ഒക്കെ മരണദിനം ബലിപെരുന്നാളായും, മറ്റു പിതാക്കന്മാരുടെ മരണദിനം ശ്രാദ്ധപ്പെരുന്നാളായും സഭ ആഘോഷിക്കുന്നു. ഈ ഭൂമിയിലെ ജനനത്തേക്കാൾ മരണംമൂലം പറുദീസായിൽ പ്രവേശിച്ച ദിവസം ആണ് വലുത് എന്ന കാഴ്ചപ്പാടാണ് ഈ വിശ്വാസത്തിനു പിന്നിലുള്ളത്.

പരി. ദൈവമാതാവിന് മനുഷ്യരിൽ മറ്റാരേക്കാളും അതുല്യസ്ഥാനം പരി. സഭ കല്പിക്കുന്നതിനാലും മാതാവിനോടുള്ള മദ്ധ്യസ്ഥത പരി. സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാകയാലും എട്ടുനോമ്പ് ആചരിക്കുന്നതിനെ സഭ വിലക്കിയിട്ടില്ല. കാനോനിക അംഗീകാരം നൽകിയിട്ടില്ലെന്നു മാത്രമേയുള്ളൂ. ഇപ്പോൾ മിക്കവാറും എല്ലാ പള്ളികളിലും എട്ടുനോമ്പ് ആഘോഷപൂർവ്വം കൊണ്ടാടപ്പെടുന്നുണ്ട്.

പരി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമല്ലാത്ത ദൈവാലയങ്ങളിൽ ഒന്നിലധികം ത്രോണോസ് (ബലിപീഠം) ഉണ്ടെങ്കിൽ വടക്കേ ത്രോണോസ് പരി. ദൈവമാതാവിന്റെ നാമത്തിൽ ആയിരിക്കണം എന്നുള്ളതാണ് സഭയുടെ നിയമം. എല്ലാ പരിശുദ്ധന്മാരിലും, ശുദ്ധിമതികളിലും പ്രഥമവ്യക്തിയായി പരി. കന്യകമറിയാമിനെ സഭ കാണുകയും അംഗീകരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ പങ്കു വഹിക്കുവാൻ തക്കവിധം ദൈവം തിരഞ്ഞെടുത്ത വ്യക്തിയാണ് പരി. മറിയം എന്നതാണ് ഈ പ്രഥമ സ്ഥാനത്തിനടിസ്ഥാനം.

ഏദനിൽവച്ച് പാപം ചെയ്തു പുറത്തുപോയ മനുഷ്യന് ദൈവം നൽകിയ വാഗ്ദാനം ആയിരുന്നു "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും" എന്നത് (ഉല്പ. 3:15). പുരുഷബീജം കൂടാതെ സ്ത്രീയിൽ നിന്ന് മാത്രം ശരീരം സ്വീകരിച്ച് ലോകത്തു ജനിച്ച ഏക വ്യക്തി ക്രിസ്തു മാത്രമാണ്. ബാക്കി എല്ലാവരും പുരുഷന്റെ സന്തതിയായിട്ടാണല്ലോ ജനിച്ചിട്ടുള്ളത്. യോർദ്ദാനിൽ ആരംഭിച്ച പരസ്യശുശ്രൂഷ മുതൽ കാൽവറിയിലെ യാഗം വരെ നീണ്ടുനിന്ന മൂന്നര വർഷക്കാലത്തെ പ്രവർത്തനത്തിലൂടെ സ്ത്രീയുടെ സന്തതിയായി ജനിച്ചക്രിസ്തു സാത്താനാകുന്ന സർപ്പത്തിന്റെ തലചതച്ചു.

കർത്താവു രണ്ടുപ്രാവശ്യം തന്റെ മാതാവിനെ "സ്ത്രീ" എന്ന് അഭിസംബോധന ചെയ്യുന്നുണ്ട്. തന്റെ ആദ്യപ്രവർത്തനം നടന്ന കാനാവിലെ വിവാഹഭവനത്തിലും (യോഹ. 2:4) ശുശ്രൂഷയുടെ അവസാനമായി താൻ ക്രൂശിൽ തന്റെ ജീവൻ വെടിയുന്നതിനുമുമ്പും (യോഹ. 19:26) ഈ പ്രസ്താവനയിലൂടെ പഴയനിയമം അറിയാവുന്നവരോട് താൻ രണ്ടുകാര്യം പ്രസ്താവിക്കുകയായിരുന്നു. സ്ത്രീയുടെ സന്തതി താനാണെന്നും തന്നെ പ്രസവിച്ചവളാണ് ബൈബിളിൽ പറയുന്ന 'സ്ത്രീ' എന്നും.


യേശുവിന്റെ സ്വന്തഗ്രാമമായ നസ്രേത്തിൽ വച്ച് "ഇവൻ മറിയയുടെ മകനല്ലയോ" (മർക്കോ. 6:3) എന്നു തന്റെ ചാർച്ചക്കാരും ദേശക്കാരും തന്നെ പരിഹസിച്ചപ്പോൾ "അവൻ സ്ത്രീയുടെ സന്തതി" എന്ന പ്രവചനനിവൃത്തിയാണ് സംഭവിച്ചതെന്ന് മനസ്സിലാക്കാവുന്നതാണ്.

പരി. കന്യകമറിയത്തെ രണ്ടാം ഹവ്വായായിട്ടാണ് പരി. പിതാക്കന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. ഒന്നാം ഹവ്വാ അവിശ്വാസത്തിന്റേയും അനുസരണക്കേടിന്റെയും മാതാവാണെങ്കിൽ രണ്ടാം ഹവ്വായായ മറിയാം വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും സമർപ്പണത്തിന്റേയും മാതാവാണ്. 'എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും' (ഉല്പ. 2:17) എന്ന ദൈവകല്പനയെ ലംഘിച്ച് 'നിങ്ങൾ മരിക്കയില്ല നിശ്ചയം, അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും' (ഉല്പ. 3:4-5) എന്ന പൈശാചിക പ്രലോഭനത്തിനു വിധേയമായി ഒന്നാം ഹവ്വാ പ്രവർത്തിച്ചപ്പോൾ അവൾ മുഖാന്തിരം സകല മനുഷ്യരും പാപത്തിനും മരണത്തിനും അടിമയായി.

എന്നാൽ രണ്ടാം ഹവ്വായായ മറിയാമിന്റെ അടുത്ത് ദൂതൻ വന്ന് "ഭയപ്പെടേണ്ട നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു എന്ന് പേരു വിളിക്കണം" (ലൂക്ക് 1:30-35) എന്നു പറഞ്ഞപ്പോൾ ദൈവഹിതത്തിനു തന്നെത്തന്നെ സമർപ്പിക്കുകയാണ് പരി. അമ്മ ചെയ്തത്. ആ സമർപ്പണം മുഖാന്തിരം തന്നിൽ നിന്നും ശരീരം സ്വീകരിച്ച യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ സകല മനുഷ്യർക്കും പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷ നേടുവാനുള്ള വഴി തുറക്കപ്പെട്ടു.

കാനാവിലെ വിവാഹഭവനത്തിൽ വച്ച് മറിയാം യേശുവിനോട് ''അവർക്കു വീഞ്ഞില്ല'' എന്നു പറഞ്ഞപ്പോൾ, സ്ത്രീയേ എനിക്കും നിനക്കും എന്ത്? "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" എന്ന് നിരാശ ഉളവാക്കാവുന്ന മറുപടിയാണു മാതാവിനു ലഭിച്ചതെങ്കിലും "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വീൻ" (യോഹ. 2:1-10) എന്നു പറഞ്ഞ് ആ ഭവനത്തിലെ വേലക്കാരെപ്പോലും അനുസരണത്തിലേക്കും വിശ്വാസത്തിലേക്കും മാതാവു നയിക്കുകയാണു ചെയ്തത്.

ഒന്നാം ഹവ്വാ ജീവനുള്ളവരുടെയെല്ലാം മാതാവാണെങ്കിൽ (ഉല്പ. 3:20) രണ്ടാം ഹവ്വായായ മറിയാം ക്രിസ്തുവിൽ പുതുജീവൻ പ്രാപിക്കുന്നവരുടെയെല്ലാം മാതാവാണ്. ദൈവവചനം കേട്ട് തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെയെല്ലാം തന്റെ മാതാവും സഹോദരന്മാരുമായി കൈക്കൊള്ളുവാൻ നമ്മുടെ കർത്താവ് സന്നദ്ധനാണ് (ലൂക്ക് 8:19-21). ആയതിനാൽ പരി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതോടൊപ്പം മാതാവിനെപ്പോലെ ദൈവഹിതത്തിനു സ്വയം സമർപ്പിക്കുവാനും ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കുവാനും നാം തയ്യാറാകണം. ●



# അഭിവന്ദ്യ ഏബ്രഹാം മോർ ക്ലീമീസ് തിരുമേനിയുടെ 18-ാം ശ്രാദ്ധപ്പെരുന്നാൾ

മലങ്കര സഭാ ചരിത്രത്തിൽ സത്യ വിശ്വാസ പോരാളിയായി സുദീർഘമായ 51 വർഷങ്ങൾ ക്നാനായ സമുദായത്തിന്റെ അമരക്കാരനായി വിരാജിച്ച്, ക്നാനായക്കാരുടെ മാത്രമല്ല സുറിയാനി സഭാവിശ്വാസികളുടെ മുഴുവൻ അഭിമാനമായിരുന്ന പുണ്യശ്ലോകനായ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത അഭി. ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയുടെ 18-ാം ശ്രാദ്ധപ്പെരുന്നാൾ **2020 സെപ്റ്റംബർ 29, 30 ചൊവ്വാ, ബുധൻ** തീയതികളിൽ തിരുമേനി കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കോവിഡ് 19 മാനദണ്ഡങ്ങളോടെ നടത്തപ്പെടുന്നു.

മോർ ക്ലീമ്മീസ് തിരുമേനിയെ അനുസ്മരിക്കുമ്പോൾ കാലഘട്ടത്തിന്റെ വെല്ലുവിളികളെ മുൻകൂട്ടിക്കണ്ട് ആവശ്യമായ നടപടികൾ ആത്മീയതലത്തിലും, ഭരണക്രമീകരണങ്ങളിലും, സഭാ, സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിലും ചിട്ടപ്പെടുത്തുവാൻ തിരുമേനി ഏറെ ശ്രദ്ധിച്ചിരുന്നു എന്നുള്ളതാണ്. ധീരമായ നിലപാടുകളിലൂടെയും, ഉറച്ച തീരുമാനങ്ങളിലൂടെയും, സ്വയസിദ്ധമായ ഗാംഭീര്യത്തിലൂടെയും സമുദായത്തിനകത്തും, പൊതു സമൂഹത്തിലും തിരുമേനി തന്റേതായ വ്യക്തിപ്രഭാവം (ശൈലി) വാർത്തെടുത്തു. ക്നാനായ സമുദായത്തിന്റെ മൂന്നാമത് മെത്രാപ്പോലീത്തായായി 1951 ഏപ്രിൽ 15 ന് തന്റെ 33-ാം വയസ്സിൽ സ്ഥാനാരോഹിതനായതു മുതൽ ആ യുഗം അവസാനിച്ച 2002 സെപ്റ്റംബർ 30 വരെയുള്ള കാലഘട്ടത്തിൽ ചെറുതും, വലുതുമായ നിരവധി ചരിത്രസംഭവങ്ങളിലൂടെ, വിമർശനങ്ങളും എതിർപ്പുകളും ഉണ്ടായിട്ടുണ്ട് എങ്കിലും, അവയെ എല്ലാം അതിജീവിച്ച് സമുദായത്തെ സുസ്ഥിരവും, കെട്ടുറപ്പുള്ളതും ആക്കിത്തീർക്കുവാൻ തിരുമേനിക്ക് സാധിച്ചു. 18 വർഷങ്ങൾക്കിപ്പുറവും അഭി. ക്ലീമ്മീസ് തിരുമേനി ക്നാനായ മക്കളുടെ മനസ്സിൽ മാത്രമല്ല ഇതര സഭാസമൂഹമനസ്സുകളിലും സജീവമായി നിൽക്കുന്നു. ദൈവം തന്നെ ഏല്പിച്ച താലന്തുകൾ നന്നായി വിനിയോഗിച്ച് തന്റെ പൂർവ്വികരോട് ചേർക്കപ്പെട്ട തിരുമേനിയുടെ 18-ാം ശ്രാദ്ധപ്പെരുന്നാൾ ഏറ്റവും ലളിതമായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതനുസരിച്ച് 29-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 6.30-ന് സന്ധ്യാനമസ്കാരവും, 30-ാം തീയതി ബുധനാഴ്ച രാവിലെ 7.30-ന് പ്രഭാതപ്രാർത്ഥനയും 8.30-ന് വിശുദ്ധ കുർബ്ബാനയും, കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെടുന്നതാണ്. ഗവൺമെന്റ് മാനദണ്ഡമനുസരിച്ച് 100 പേരിൽ താഴെ ആളുകൾക്ക് മാത്രമേ ദേവാലയത്തിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു എന്നും അറിയിക്കുന്നു. അഭി. തിരുമേനിയുടെ ദീപ്തസ്മരണയ്ക്ക് മുമ്പിൽ പ്രാർത്ഥനാപുരസ്സരം

വികാരി

**ഫാ. സ്കറിയ മർക്കോസ്**

കൊച്ചുമംഗര

# സമാധി

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

സമാധിയെന്നാൽ അത്യുന്നതമായ ആനന്ദകരമായ അവസ്ഥ. 'സമാധി' എന്നത് പിരിച്ചെഴുതുമ്പോൾ 'സമാ'+'ധി' എന്നു വരും. സമ എന്നാൽ 'സമനില' ധി എന്നാൽ 'ബുദ്ധി'. ബൗദ്ധികമായി സമനിലയിലെത്തുന്നതിന് 'സമാധി' എന്നു പറയുന്നു. പഞ്ചേന്ദ്രിയങ്ങളുടെയും, മനസ്സിന്റെയും ആവേശം നിലച്ച് ബുദ്ധിയും നിശ്ചലമാകുന്ന സ്ഥിതിയാണ് സമാധി എന്ന് 'കഠോപനിഷത്തിൽ' പറയുന്നു. 'സമാ' എന്നാൽ 'സ്വസ്ഥത'/'ശാന്തത"/ 'വേർതിരിവുകളോ, ചിന്തകളോ ഇല്ലാത്ത അവസ്ഥ'. ധി-ബുദ്ധി സ്വസ്ഥമായ, ശാന്തമായ, സുസ്ഥിരമായ ബുദ്ധിയാണ് സമാധി. ചിന്താ ഭാരങ്ങളൊഴിഞ്ഞ, വികാര വിചാരങ്ങളുടെ കറ പുരളാത്ത, ശുദ്ധവും ശുഭ്രവുമായ, പ്രകാശപൂർണ്ണമായ മനസ്സിന്റെ അത്യുന്നത ബോധാവസ്ഥ. മാറ്റമില്ലാത്ത സുബോധാവസ്ഥ. സുസ്ഥിരമായ ആനന്ദാവസ്ഥ. ആത്മാവിന്റെ അമരത്വം തിരിച്ചറിയുന്ന അവസ്ഥ. ഈ അവസ്ഥയിലെത്തിക്കഴിഞ്ഞാൽ പിന്നെ നമുക്ക് വെറൊന്നും തന്നെ വേണമെന്നു തോന്നുകയില്ല. വേറൊന്നിലേക്കും സംതൃപ്തിക്കു വേണ്ടി അലഞ്ഞു തിരിയാതെ മനസ്സ് സ്വസ്ഥമായി വിശ്രമിക്കുന്നു. ആരോഗ്യത്തിന്റെയും സമാധാനത്തിന്റെയും, ശാന്തിയുടെയും, ആനന്ദത്തിന്റെയും, സംതൃപ്തിയുടെയും, സ്വസ്ഥതയുടെയും പരമമായ അനുഭൂതി. സമ്പൂർണ്ണ സമാധിയിൽ ഒരു മനുഷ്യന് പ്രകൃതിയെ നിയന്ത്രിക്കുവാൻ കഴിയും. കേവലം ആത്മീയ ഗുരുക്കന്മാർക്കു മാത്രമല്ല, ചിട്ടയായ പരിശ്രമത്തിലൂടെ സാധാരണക്കാരായ മനുഷ്യർക്കും യോഗികളെ പോലെ, സാധാരണ ജീവിതം നയിച്ചുകൊണ്ടുതന്നെ സമാധിയുടെ ഉന്നത പദവിയിലെത്താം. മനസ്സു വെച്ചാൽ അഷ്ടാംഗയോഗങ്ങളിലൊന്നാണ് സമാധി. ആത്മസാക്ഷാത്ക്കാരത്തിനുള്ള സാധനാ പദ്ധതിയാണ് അഷ്ടാംഗയോഗം. ജീവിതം സമാധിയിലാക്കാൻ അഷ്ടാംഗയോഗത്തിലൂടെ കടന്നുപോകണം.

'അഷ്ടാംഗയോഗ' ശൈശവം മുതലെ ശീലമാക്കിയെങ്കിലേ സമാധി എന്നും നിലനിൽക്കുകയുള്ളു. ജീവാത്മാവിനെയും പരമാത്മാവിനെയും സംയോജിപ്പിക്കുന്നതാണ് യോഗ. 'yuj' അഥവാ 'യുജ്' എന്ന ധാതുവിൽ നിന്നാണ് യോഗ എന്ന ശബ്ദം ഉണ്ടായത്. 'യുജ' എന്ന പദത്തിന്റെ അർത്ഥം "To bind' or സംയോജിക്കുന്നത്. 'യുജ്യതേ അനേന ഇതി യോഗ' (To Which Jeevathma is binded with Paramatma) ഇന്നത്തെ പുതിയ തലമുറയുടെ വ്യക്തിത്വ വികസത്തിനും, സ്വഭാവ രൂപീകരണത്തിനും, സമ്പൂർണ്ണ വികസനത്തിനും, പരിപൂർണ്ണതയ്ക്കും (ABSOLUTE) വിജയത്തിനും അത്യന്താപേക്ഷിതമായ **യോഗയുടെ** അടിസ്ഥാന ഘടകമായ 'അഷ്ടാംഗ യോഗ' എന്തെല്ലാമാണെന്നു നോക്കാം. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി, എന്നിവയാണ് ക്രമത്തിൽ 'അഷ്ടാംഗ യോഗ'.

**1. യമം – 'സ്വയം നിയന്ത്രിക്കുക'**

യോഗ ചെയ്യുമ്പോൾ വിഘ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള കാര്യങ്ങളിൽ നിന്നും സാധകന്റെ മനസ്സിനെ ചെറുത്തു നിർത്തുന്ന ക്രിയകളാണ് 'യമം'. 'അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം' എന്നിവയാണ് അഞ്ചു യമങ്ങൾ. **അഹിംസ** – മനസ്സും, വാക്കും, ശരീരവും കൊണ്ട് ഒരു ജീവിയെയും കൊല്ലാതിരിക്കുക or വേദനിപ്പിക്കാതിരിക്കുക, ഉപദ്രവിക്കാതെയിരിക്കുക, സഹജീവികളുടെ ആത്മനാശത്തിനും കാരണമായതു ചെയ്യാതിരിക്കുക.

**സത്യം** – സർവ്വ ഭൂതങ്ങൾക്കും ഹിതമായതിനെ സത്യം എന്നു പറയുന്നു. വ്യാജമായതു ചെയ്യാതിരിക്കുകയും, ഉള്ളതു മാത്രം ഉള്ളതുപോലെ പറയുകയും, ചെയ്യുകയും ചെയ്യുക. 'സത്യം ആരോഗ്യമാണ്. ഉയർച്ചയും, നേട്ടവും ആത്മവിശ്വാസവുമാണ് സത്യം. സത്യം ആത്മബലമാണ്. കള്ളത്തരങ്ങൾ മനുഷ്യനെ ദുർബ്ബലരും, ഉപയോഗശൂന്യരുമാക്കുന്നു.

**അസ്തേയം** – ആരെയും വഞ്ചിക്കാതിരിക്കുക. അന്യന്റെ മുതൽ മോഷ്ടിക്കരുത്, ആഗ്രഹിക്കരുത്. മോഷണം പാപം ആണ്.

**ബ്രഹ്മചര്യം** – മാനസികവും ശാരീരികവുമായ ഇന്ദ്രിയ സുഖങ്ങളെ നിയന്ത്രിച്ച് സദാ സമയവും നല്ല ചിന്തകളാലും പ്രവർത്തികളാലും സദാ ബ്രഹ്മത്തിൽ (ദൈവത്തിൽ) ചരിക്കുക. ലൈംഗികബോധം അതീവ വിശുദ്ധിയിൽ ഭദ്രമായിരിക്കട്ടെ.

**അപരിഗ്രഹം** – ആരിൽനിന്നും ഒന്നും സ്വീകരിക്കാതിരിക്കുക. അത്യാവശ്യം ആയതിനെ കവിഞ്ഞ് യാതൊന്നും ആഗ്രഹിക്കാതിരിക്കുക അനുഭവിക്കാതിരിക്കുക. ഒന്നിനോടും മമതയില്ലാതിരിക്കുക.

ഇങ്ങനെ 'യമം' പരിശീലിക്കുന്ന സാധകൻ തിന്മയിൽ നിന്നും സ്വയം ശുദ്ധീകരണം പ്രാപിച്ച് സമൂഹത്തിന് നന്മ ചെയ്യുന്നു.

**2. നിയമം** – യമങ്ങളെ അനുഷ്ഠിച്ച സാധകനെ ധാർമ്മിക വഴികളുമായി ബന്ധിപ്പിക്കുന്നതാണ് 'നിയമങ്ങൾ', ശൗചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വര പ്രണിധാനം എന്നിവയാണ് 'നിയമങ്ങൾ'

***ശൗചം*** – ആന്തരികം, ബാഹ്യം എന്നിങ്ങനെ രണ്ടുതരം ശൗചങ്ങൾ ഉണ്ട്. മനസ്സിലെ മലങ്ങളെ അകറ്റുന്ന ഇന്ദ്രിയ നിഗ്രഹം ആന്തരിക ശൗചമാകുന്നു.

**സന്തോഷം** – കർമ്മഫലങ്ങൾ നല്ലതാണെങ്കിലും, അല്ലെങ്കിലും സ്വീകരിച്ച് സദാ സമയവും സന്തോഷമായിരിക്കുക. കർമ്മ ഫലങ്ങളെ സംസ്കരിച്ച് ലക്ഷ്യം പൂർത്തിയാക്കുക. സന്തോഷം നിറഞ്ഞ മനസ്സ് ശക്തമാണ്. പ്രതിരോധ ശേഷി വർദ്ധിപ്പിച്ചിരിക്കും.

**തപസ്സ്** – ഏകാഗ്രതയോടെ ചെയ്യുന്ന കാര്യങ്ങളിൽ ശ്രദ്ധിച്ചു മുഴുകുക. പ്രത്യേക നിഷ്ഠകളിലൂടെ 'സ്ഥൂല ശരീരത്തെ' പൂർണ്ണ നിയന്ത്ര വിധേയമാക്കി ധ്യാനമാർഗ്ഗം പരിശീലിക്കുക.

**സ്വാദ്ധ്യായം** – സ്വയം പഠനം (അവനവനെ ക്കുറിച്ചു പഠിക്കുക) ആത്മബോധം. താൻ ചെയ്യുന്ന ജോലിയോട് ബന്ധമുള്ള ശാസ്ത്ര വിഷയങ്ങളെ ക്കുറിച്ച് നിരന്തരമായ പഠനം.

**ഈശ്വര പ്രണിധാനം** – തനിക്ക് അതീതമായ ഒരു ശക്തി പ്രപഞ്ചത്തിൽ ഉണ്ടെന്നു നിശ്ചയിച്ച്, താൻ ചെയ്യുന്നതെല്ലാം ഈശ്വരനാകുന്ന ആ ശക്തി ചൈതന്യത്തിൽ അർപ്പിച്ചുകൊണ്ട് ചെയ്യുന്നതാണ് ഈശ്വര പ്രണിധാനം.

ഇങ്ങനെ സത്കർമ്മങ്ങൾ വഴി ധാർമ്മിക ജീവിതം നയിക്കുന്നതിന് 'നിയമം' സഹായിക്കുന്നു.

**3. ആസനം** – “സ്ഥിര സുഖമാസനം” നമുക്ക് ഹിതകരമായ സ്ഥിരവും സുഖകരവുമായ പൊസിഷൻ (Position).

ഇന്ദ്രിയങ്ങളെ ബാഹ്യ വ്യവഹാരങ്ങളിൽ നിന്നകറ്റി അവയെ നിയന്ത്രിച്ച് സ്വസ്ഥമായും സ്ഥിരമായും നിലകൊള്ളാൻ സഹായിക്കുന്ന ‘ശാരീരിക സ്ഥിതികൾ’ (Position) ആണ് ആസനങ്ങൾ. വ്യായാമങ്ങളും ആസനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു.

**4. പ്രാണായാമം** – ശ്വസന ക്രമം നിയന്ത്രിക്കലാണ് പ്രാണായാമം. ഇത് ഒരേ സമയം ശ്വസന നിയന്ത്രണവും, ഊർജ്ജ നിയന്ത്രണവും, മനോനിയന്ത്രണവുമാണ്. ‘പ്രാണൻ’ എന്നാൽ ‘പ്രാണവായു’. നമ്മുടെ നിയന്ത്രണത്തിലല്ലാതെ നടക്കുന്ന ശ്വാസോച്ഛ്വാസങ്ങളും, വായുവിന്റെ ചലനങ്ങളും അല്പ നേരത്തേയ്ക്ക് നമ്മുടെ നിയന്ത്രണത്തിൽകൊണ്ടു വരാനുള്ള ശ്രമമാണ് പ്രാണായാമം.

**5. പ്രത്യാഹാരം** – കൊതിയടക്കുവാനുള്ള കഴിവാണ് പ്രത്യാഹാരം. ഇന്ദ്രിയങ്ങളിലൂടെയും, മനസ്സിലൂടെയുമാണ് എല്ലാം അനുഭവങ്ങളും സാക്ഷാത്കരിക്കുന്നത്. കാണാനും കേൾക്കുവാനും രുചിക്കുവാനും etc ഉള്ള കൊതി അടക്കുവാനുള്ള കഴിവാണ് പ്രത്യാഹാരം. ബാഹ്യലോകത്തുനിന്നും ശ്രദ്ധ തിരിച്ച് ആന്തരിക ലോകത്തേയ്ക്കു യാത്ര ചെയ്യുവാൻ പഠിക്കുക.

**6. ധാരണ** – അങ്ങേയറ്റത്തെ ഏകാഗ്രത. മനസ്സിനെ ഒരു വസ്തുവിൽ കേന്ദ്രീകരിച്ച് ചിന്താ തരംഗങ്ങളുടെ ആവിഷ്കാരത്തെ നിയന്ത്രിക്കുക. ഒന്നിൽ (തത്വം, വെട്ടം, വചനം, ബിന്ദു, ദൈവം etc) ശ്രദ്ധ കേന്ദ്രീകരിക്കുക.

**7. ധ്യാനം** – എന്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുവോ, അതിൽ തന്നെ തുടരുവാനുള്ള കഴിവ്.

**8. സമാധി** – ഏതു രൂപത്തെ ധ്യാനിച്ചുവോ അതുമായി വിലയനം പ്രാപിക്കുന്നു.

ശുദ്ധമായ പാരമ്പര്യ ഘടകങ്ങളുടെ/ജനിതക ഘടനയുടെ ഉചിതമായ permutations and Combinations (സംയോഗം) വഴി അച്ഛന്റെ ബീജവും അമ്മയുടെ അണ്ഡവും ഉചിതമായ സമയത്ത് ദൈവികമായി കൂടിച്ചേർന്നു ജനിക്കുന്ന കുട്ടികളിൽ ജന്മനാ (by birth) ശുദ്ധ സമാധിയുടെ അത്യുന്നത ബോധാവസ്ഥ സഹജമായി (inherent) ലഭിക്കുന്നു. അറിഞ്ഞോ അറിയാതെയോ അച്ഛനമ്മമാർ ആത്മീയ യോഗികളായിരുന്നാൽ ഈ ഗുണങ്ങൾ കുട്ടികൾക്ക് പിറന്നു വീഴുമ്പോഴെ പ്രകടമാകും. അല്ലാത്ത പക്ഷം ചെറുപ്പം മുതൽക്കെ അഷ്ടാംഗ യോഗയുടെ ചിട്ടയോടു കൂടിയ ഒരു ജീവിത ചര്യയിലൂടെ കുട്ടികളായിരിക്കുമ്പോഴെ അതാർജ്ജിച്ചെടുക്കേണ്ടതായിട്ടുണ്ട്. (Acquired). അതിനും സാധിക്കാത്തവർ, മുതിർന്നവരായാലും, പ്രായമേറിപോയാലും നിരാശപ്പെടേണ്ടതില്ല. ഇനിയും സമയം വൈകിയിട്ടില്ല. ശുദ്ധാത്മ സമാധിയുടെ സമ്പൂർണ്ണ ഫലങ്ങളും, ഗുണഗണങ്ങളും ധ്യാനിച്ചും, പ്രാർത്ഥിച്ചും, പഠിച്ചും, പരിശീലിച്ചും ക്രമേണ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. വളരെ വൈകിയാണെങ്കിലും നാം പഠിച്ചെടുത്ത ആത്മീയ ഗുണപാഠങ്ങൾ വളരെ നേരത്തെ തന്നെ നമ്മുടെ കുട്ടികളെ പഠിപ്പിച്ചും പരിശീലിപ്പിച്ചും ആത്മബലമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാം. ഭൂമിയിലെ അച്ഛനമ്മമാരുടെ പാരമ്പര്യ ജനിതക ഘടകങ്ങളാൽ മാത്രമല്ല നാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സത്യ ദൈവ ചൈതന്യം നമ്മുടെ ഉള്ളിന്റെ ഉള്ളിലുമുണ്ട്. അതു നമ്മെ ശാരീരികവും മാനസികവുമായ പാരമ്പര്യ ഗുണങ്ങളുടെ പരിധിയും, പരിമിതിയും ഭേദിച്ച് ആത്മീയ ഉണർവ്വുകളുടെ അനന്ത നന്മകളിലേക്ക് പരി



വർത്തനപ്പെടുത്തും. നമ്മുടെയുള്ളിലെ ആത്മാവിന്റെ ശക്തി ഉണർന്നാൽ നമ്മുടെ വികസനം സമ്പൂർണ്ണമായിരിക്കും. അച്ഛനെയും അമ്മയെക്കാളുപരിയായി നമ്മെ സ്നേഹിക്കുന്ന സംരക്ഷിക്കുന്ന ‘നല്ല പിതാവിന്റെ’ സ്വർഗ്ഗീയ ഊർജ്ജം, പരിശുദ്ധാത്മാവിനാൽ നമ്മെ ‘പുഴുവിൽ’നിന്നും പ്യൂപ്പയുടെ സമാധി അവസ്ഥകളിലൂടെ (Metamorphosis) കടത്തിവിട്ട് നല്ല പൂമ്പാറ്റകളായി പരിവർത്തനപ്പെടുത്തുന്നു.

പരമാത്മ ചൈതന്യത്തിനായി തീവ്രമായി ദാഹിക്കുന്നവരിൽ/ ആഗ്രഹിക്കുന്നവരിൽ ശുദ്ധാത്മാവ് ഉണർന്നു പ്രവർത്തിക്കും. യഹോവയെ കാത്തുകാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നു. അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹമല്ല ദൈവ വചനമുള്ളിൽ ജഢം ധരിക്കുന്നതിനായി വാഞ്ജിച്ചു മടുത്തു പോകാതെ യഹോവയെ നോക്കി മൗനമായിരുന്നു/ കാത്തിരുന്നു ധ്യാനിക്കണം. ഉള്ളിലെ ആത്മീയ ഊർജ്ജം അതിശക്തമാണെങ്കിൽ ഒരു പാരമ്പര്യബലഹീനതകളും നമ്മെ പുറകോട്ട് വലിക്കുകയില്ല. ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട് സമാധിയുടെ സമ്പൂർണ്ണതയിലേക്ക് നാം മുമ്പോട്ടു തന്നെ പോകും. (1. പത്രേ.1:18-19).

തുരീയം എന്ന സമാധി അവസ്ഥയിൽ ദേഹബോധം തീരെ ഉണ്ടായിരിക്കില്ല. മനസ് അഹങ്കാര രഹിതവും, ചിന്താരഹിതവും, സംശുദ്ധവുമായിരിക്കും. നവജാത ശിശുക്കളുടെ മനസ്സുപോലെ തെളിഞ്ഞതും, സ്വച്ഛ സ്ഫടികതുല്യവും, നിർമ്മലവുമായിരിക്കും. വ്യക്തി ബോധം വിശ്വബോധത്തിന്റെ സമ്പൂർണ്ണതയിൽ ലയിക്കുമ്പോൾ ഭയം, മരണം, സമയം, ദേശം ഉറക്കം, വിശപ്പ്, ദാഹം, വികാരം മുതലായവ ഉണ്ടായിരിക്കുകയില്ല. (പറുദീസ അനുഭവം ഭൂമിയിൽ) സമാധി പരിപൂർണ്ണാവസ്ഥയിലെത്തുന്നതിനു മുമ്പ് പല ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്.

‘സംപ്രജ്ഞാത സമാധി’-ധ്യാനിക്കുവാൻ വസ്തുനിഷ്ഠമായ പിന്തുണ (Objects) ആവശ്യം ആണ്. വൈജ്ഞാനിക ധ്യാനത്തോടൊപ്പം യുക്തിയും വിവേചനവും ആനന്ദവും, ഞാൻ എന്ന അർത്ഥവും ഉണ്ട്. വിദേഹ വിശകലനം, ആലോചന, ബാഹ്യലോകബോധം, സന്തോഷ വികാരം ഇവ അവശേഷിക്കുന്നു. യോഗി എന്ന അവബോധം സ്വഭാവം, വ്യക്തിത്വം ഇവ നിലനിൽക്കുന്നു.

(തുടരും)

# മതവും ആത്മീയതയും

## (Religion and Spirituality)

**റിയു റോയി മുളമൂട്ടിൽ**

ആദ്യം കേൾക്കുമ്പോൾ രണ്ടും ഒന്നല്ലേ എന്ന് തോന്നുമെങ്കിലും, അങ്ങനെയല്ല എന്നുള്ളതാണ് സത്യം. അപൂർവ്വമായി എപ്പോഴെങ്കിലും ചിലപ്പോൾ കൂട്ടിമുട്ടിയേക്കാവുന്ന രണ്ടു സമാന്തര രേഖകൾപോലെയാണ് മതവും ആത്മീയതയും. രണ്ടും ആത്യന്തികമായി ദൈവത്തിലേക്കാണ് വിരൽ ചൂണ്ടുന്നതെങ്കിലും ഇവ തമ്മിൽ ആനയും ഉറുമ്പുംപോലെയുള്ള വ്യത്യാസം ഉണ്ട്. ദൈവം എന്ന പരമ സത്യത്തെ ഒരു മതത്തിന്റെ മതിൽകെട്ടിനുള്ളിൽ നിന്നു കൊണ്ട് നോക്കിയാൽ ചിലപ്പോൾ കണ്ടെന്നു വരില്ല. യഥാർത്ഥത്തിൽ ദൈവത്തെ തേടുവാനും കണ്ടെത്തുവാനും ആത്മീയനായി രൂപാന്തരപ്പെടുന്ന ഒരു മനുഷ്യന് മാത്രമേ കഴിയൂ.

ഏതു മതത്തിലായാലും അടിസ്ഥാനമായി ദൈവം മാത്രമേ ഉള്ളൂ എന്നാണ് ഭൂരിപക്ഷം മതവിശ്വാസികളും വിശ്വസിക്കുന്നത്. ആ ദൈവത്തെ ഇന്നുവരെ ആരും ഒട്ടു കണ്ടിട്ടില്ല. ആ സർവ്വശക്തനായ ദൈവത്തിൽ നിന്നും ഈ കണ്ട കോടാനുകോടി മതങ്ങളും ആചാരങ്ങളും ഉണ്ടാക്കിയതാരാണ്? മനുഷ്യൻ തന്നെ. ഒരു ദൈവവും തന്റെ പേരിൽ മതമുണ്ടാക്കാൻ പറഞ്ഞതായി കേട്ടിട്ടില്ല. എല്ലാം സൃഷ്ടിച്ചത് മനുഷ്യരാണ്. വയലാർ എഴുതിയതുപോലെ "മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു, മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി മണ്ണ് പങ്കുവെച്ചു, മനസ്സു പങ്കുവെച്ചു" എന്നത് എത്രയോ സത്യമായ വരികളാണ്. ഇതേ കാഴ്ചപ്പാടിലൂടെ തന്നെയാണ് കാൾ മാർക്സ് "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന് പറഞ്ഞതും.

എന്താണ് മതവിശ്വാസം? ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ജനിക്കുന്നതാണ് അവന്റെ അടിസ്ഥാന മതം. വളർച്ചയുടെ ഘട്ടത്തിൽ ലഭിക്കുന്ന കാഴ്ചപ്പാടുകളുടെയും അറിവിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ പിന്നീട് മതം മാറുന്നവരും നിരീശ്വരവാദികളാവുന്നവരും ഉണ്ടാവാം. എന്നിരുന്നാലും താൻ വിശ്വസിക്കുന്ന മതവും വിശ്വാസവും മാത്രമാണ് ശരി എന്ന് അടിയുറച്ചു വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷവും. എന്നാൽ അങ്ങനെയല്ല യാഥാർത്ഥ്യം എന്ന് മനസ്സിലാക്കുവാൻ ഒരു മത വിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രയാസകരമാണ്. 2019-ലെ കണക്കനുസരിച്ച് ഏറ്റവും പ്രബലമായ മതത്തിൽ വിശ്വസിക്കുന്നവർ ലോക ജനസംഖ്യയുടെ 38% മാത്രമാണ്. എന്താണ് ഇത് അർത്ഥമാക്കുന്നത്? ബാക്കി വരുന്ന 62% ആളുകളും ആ മതത്തിന്റെ ദൈവത്തിൽ വിശ്വസിക്കുന്നില്ല എന്നല്ലേ. അത് തന്നെയാണ് എല്ലാ മതത്തിന്റെയും അവസ്ഥ. തങ്ങളുടെ വിശ്വാസത്തിനപ്പുറം ഈ ലോകത്തിൽ ജീവിക്കുന്ന ബാക്കി വരുന്ന മഹാഭൂരിപക്ഷം ജനങ്ങൾ ഉണ്ട് എന്ന സത്യം എല്ലാ വിശ്വാസിയും മനസ്സിലാക്കണം. ഒന്നു ചിന്തിച്ചാൽ യഥാർത്ഥ ദൈവത്തിന്റെ സൃഷ്ടികൾ തന്നെയല്ലേ ബാക്കി വരുന്ന മഹാഭൂരിപക്ഷമായ ജനങ്ങളും. അപ്പോൾ അതിൽ ഒരു പൊരുത്തക്കേടില്ലേ? തീർച്ചയായും ഉണ്ട്. ആ പൊരുത്തക്കേട് മനസ്സിലാക്കുന്നവർ ഒരു യഥാർത്ഥ ആത്മീയൻ ആകുവാൻ തുടങ്ങും.



എന്താണ് ആത്മീയത? തുറന്ന മനസ്സോടെ ദൈവത്തെ തേടുന്നതും കണ്ടെത്തുന്നതും ആരാധിക്കുന്നതുമാണ് ആത്മീയത. ആരാണ് ഞാൻ എന്നും എന്താണ് യഥാർത്ഥ ദൈവമെന്നും മനസ്സിലാകണമെങ്കിൽ മതം പഠിപ്പിച്ച മതിൽകെട്ടിനുള്ളിൽ സ്വന്തം മനസ്സിനെ തളച്ചിട്ടാൽ സാധ്യമല്ല. മതത്തിനുള്ളിൽ നിന്നാൽ മതം പഠിപ്പിക്കുന്ന ദൈവത്തെ മാത്രമേ കാണുകയുള്ളൂ. യഥാർത്ഥ തേജസ്സിനെ അറിയുകയില്ല. മറ്റ് മതങ്ങളെ ബഹുമാനിക്കുവാൻ സാധിക്കണം. ബാഹ്യമായ പുറത്തുവരൽ അല്ല ഉദ്ദേശിച്ചത്. എവിടെയാണോ നിങ്ങൾ നിൽക്കുന്നത് അവിടെ നിന്നുകൊണ്ട് തന്നെ തേടുക, അന്വേഷിക്കുക, തീർച്ചയായും നിങ്ങൾ കണ്ടെത്തുക തന്നെ ചെയ്യും. കണ്ടെത്തി കഴിഞ്ഞാൽ നിങ്ങളിലെ മനുഷ്യൻ ആത്മീയൻ ആവും. ദൈവീക സമാധാനം നിങ്ങൾക്ക് ലഭിക്കും. മറ്റു മനുഷ്യരെയും സഹജീവികളെയും നിങ്ങൾ നിങ്ങളെപ്പോലെ തന്നെ സ്നേഹിക്കും. ഈ കാണുന്നതെല്ലാം വെറും മായമാത്രം എന്ന് മനസ്സിലാവും. ചിലപ്പോൾ നിങ്ങളുടെ കണ്ടെത്തലിന് നിങ്ങളുടെ തന്നെ ദൈവവുമായി സാമ്യമുണ്ടാവാം. പക്ഷേ നിങ്ങൾ കരുതിയിരുന്നതുപോലെ ആയിരിക്കില്ല എന്ന് മാത്രം.

എന്നെ ഒരു പാടു സ്വാധീനിച്ച ഒരു വരിയാണ് "What you seek is also seeking you" എന്നത്. എന്നുവച്ചാൽ നിങ്ങൾ എന്താണോ തേടുന്നത് അത് നിങ്ങളെയും തേടികൊണ്ടിരിക്കുകയാണ് എന്ന്. അതുകൊണ്ട് ആ പരമ സത്യത്തെ സ്വയം അന്വേഷിച്ചു ഇറങ്ങുക, കണ്ടെത്തുക, ആത്മീയനാവുക.



# മലർവാടിക്കൂട്ടം

എലി ഒരിക്കൽ തീർത്ഥാടനത്തിനു പുറപ്പെട്ടു. അന്നു നല്ല ദിവസമായിരുന്നില്ല. ദു:ശകുനങ്ങൾ പലതും കണ്ടു. യാത്രയ്ക്കിടയിൽ ഒരു തവളയെ പരിചയപ്പെട്ടു. ഞാനും കൂട്ടുവരാം. കൂട്ടുചേർന്നുള്ള യാത്ര ആഹ്ളാദകരമാണ് തവള പറഞ്ഞു. എലിക്ക് അത് ഇഷ്ടമായില്ല. ഞാൻ ഏകാന്തപഥികനാണ്. എനിക്ക് ആരുടെയും കൂട്ടുവേണ്ട എന്ന് എലി പറഞ്ഞു.

പക്ഷേ തവളയ്ക്ക് കൂട്ടുകൂടിയേ പറ്റു. ഒടുവിൽ എലി നിർബന്ധത്തിനു വഴങ്ങി. എങ്കിലും തവളയ്ക്ക് വിശ്വാസമായില്ല. എലി കാലു മാറിയെങ്കിലോ?, അതിനാൽ വഴിയിൽ കണ്ട ഒരു ചാക്കുചരടെടുത്ത് എലിയുടെ പിൻകാലും തവളയുടെ മുൻകാലും അൽപ്പം അകലമിട്ട് ബന്ധിച്ചു.

എലി മുന്നിൽ ഓടും. തുള്ളിത്തുള്ളി തവള പിന്നാലെ എത്തും. അങ്ങനെ ഒരു പുഴക്കരയിൽ എത്തിയപ്പോൾ എലി നിന്നു. ഇനി അക്കരയ്ക്ക് എങ്ങനെ പോകും. സാരമില്ല എന്റെ പുറത്ത് കയറിക്കൊള്ളു. എനിക്ക് നീന്തൽ വശമുണ്ട് എന്ന് തവള പറഞ്ഞു. അവർ പകുതി വഴിക്കെത്തി അപ്പോൾ എതിരെ എന്തോ ഇളകി ഒഴുകിവരുന്നതുകൊണ്ട് തവള മുങ്ങി നീന്തി. എലിയാകട്ടെ വെള്ളത്തിനു മുകളിൽ കിടന്ന് പിടയാനും തുങ്ങി.

ഉയരത്തിൽ പറക്കുകയായിരുന്ന ഒരു പരുന്ത് താഴെ വെള്ളത്തിലുള്ള ഇളക്കവും, ബഹളവും ശ്രദ്ധിച്ചു. നദിപ്പരപ്പിലൂടെ താഴ്ന്ന് പറന്ന് എലിയെ പരുന്ത് നഖങ്ങളിൽ കോർത്തുകൊണ്ട് അത് ഉയരുകയും ചെയ്തു.

പാവം തവള, എലിയുടെ കാലിൽ ചാക്കു ചരടുകൊണ്ട് ബന്ധിച്ചിരിക്കുകയല്ലേ, എലിയോടൊപ്പം ഉയരാതെ പറ്റുമോ? കൂട്ടു ചേർന്നുള്ള യാത്രയുടെ ആനന്ദം അനുഭവിക്കണ്ടേ. പരുന്തിനോ പരമാനന്ദവും

(യോജിക്കാത്ത ബന്ധങ്ങൾ നല്ലതല്ല)

സസ്നേഹം

**കൊച്ചേട്ടൻ**



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. ദുഃഖവെള്ളിയാഴ്ചയുള്ള പ്രത്യേക ശുശ്രൂഷകൾ എത്ര?
2. വാദെദൽമീനോ ശുശൂഷ നടത്തുന്നത് എന്തിന്റെ ഓർമ്മയ്ക്കായിട്ടാണ്?
3. ദുഃഖവെള്ളിയാഴ്ച രണ്ടാം പ്രദിക്ഷണത്തിൽ പുരോഹിതർ സ്ലീബാ ഏതു തോളിൽ വയ്ക്കുന്നു?
4. അരകെട്ടി എഴുന്നേറ്റ് ഞാൻ നിന്നോട് കല്പിക്കുന്നതൊക്കെയും അവരോടു പ്രസ്താവിക്ക എന്ന് ദൈവം പറഞ്ഞതാരോട്?
5. നിർമ്മൂലമാക്കുവാനും, പൊളിക്കുവാനും, നശിപ്പിക്കുവാനും, ഇടിച്ചു കളയുവാനും, പണിയുവാനും, നടുവാനും വേണ്ടി ദൈവം ആക്കിവെച്ചതാരെ?
6. കിളിവാതിലുകളിൽ കൂടിക്കയറി അരമനകളിൽ പ്രവേശിച്ചിരിക്കുന്നതെന്ത്?
7. കാൽ ഇടറിപ്പോകുന്ന പർവ്വതം ഏത്?
8. പുരുഷാരത്തിൽനിന്ന് യേശു വേറിട്ടുകൂട്ടിക്കൊണ്ടുപോയതാരെ?
9. ഭയപ്പെടേണ്ട വിശ്വസിക്കമാത്രം ചെയ്ക എന്ന് യേശു പറഞ്ഞതാരോട്?
10. യേശുവും ശിഷ്യന്മാരും കൂടി പടകിൽ യോത്ര ചെയ്യുമ്പോൾ പടകിനെതിരെ ആഞ്ഞടിച്ച കാറ്റേത്?

**ആഗസ്റ്റ് മാസത്തിലെ ഉത്തരങ്ങൾ**

*1. ബത്ത്സയിദിലെ കുരുടന്റെ (മർക്കോ. 2:24)*
*2. യിരെമ്യാവ് (1:5)*
*3. യിരെമ്യാവ് (20:14)*
*4. 6 എണ്ണം (ദനഹാ, ഊശാന, പെന്തിക്കോസ്തി, ശവസംസ്ക്കാരം, പള്ളിക്കൂദാശാ, മൂറോൻകൂദാശ)*
*5. മാർ സേവേറിയോസ്*
*6. 2 എണ്ണം (മൂന്നുനോമ്പ്, വലിയനോമ്പ്)*
*7. യൽദോക്കു മുമ്പുള്ള ഞായർ*
*8. മോറോനായപ്പെരുന്നാളുകൾ*
*9. പാതിനോമ്പിന്റെ പ്രാധാന്യം*
*10. വലത്തേ തോളിൽ*

## 41 –ാം വിവാഹ വാർഷികം

03.09.2020



**മോൻ & പൊന്നമ്മ**


**വലിയപാറയിൽ, നീലംപേരൂർ**

മക്കൾ– ലൗമി & ആശ (UK) ജേഫി, ജേയിസ്,
ലിബിൻ & ജീന (ന്യൂസിലാൻഡ്)
അയിസ, അഗസിയ

Advt -R

## 1 –ാം ചരമ വാർഷികം

02–09–2020



**P.K. ABRAHAM (Babu)**

**Palliyampil, Thiruvalla**

മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 10th Death Anniversary

01–09–2020



**P.M.KURIAN**

**Palakudiyil, Trivandrum**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 3rd Death Anniversary

18–09–2020



**JAINAMMA KURIAN**

**Kailathu, Meenthalakara,**
**Manjadi P.O., Thiruvalla**

By Sorrowing Family

Advt -O



## 1st Birthday in Heaven

15-09-2020

# കെ.എ. കുറിയാക്കോസ് (ബാബു)

**കക്കുഴിയിൽ, തോട്ടമൺ, റാന്നി**
**(ഫിലാഡെൽഫിയ)**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Treasured in our hearts you'll stay unit
we meet again someday

Sorrowing Family

Advt - O

## 40-ാം ചരമദിനം

06-09-2020



# എൽസമ്മ ജേക്കബ്

**w/o ജേക്കബ് ഫിലിപ്പ്, കോവൂർ, റാന്നി**

*സ്നേഹസ്മരണകളോടെ*

*ഭർത്താവ്- ജേക്കബ് ഫിലിപ്പ്*
*മക്കൾ- ക്രിസ്റ്റീന, സമീനാ*
*മരുമക്കൾ-ജിഫി പുത്തൻപറമ്പിൽ, ജിക്കു മണിമലേത്ത്*
*കൊച്ചുമക്കൾ-ഡിയോൺ, ജാനിസ്, ആരോൺ, ആനീസ്*

Advt - O

## 26-ാം ചരമവാർഷികം

10-09-2020

## ഒന്നാം ചരമവാർഷികം

17-09-2020



# K.E.മാത്യു    ഏലിക്കുട്ടി മാത്യു

**വലിയകളത്തിൽ, താഴത്തങ്ങാടി, കോട്ടയം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

*"Precious in the sight of the LORD is the death of His saints' (Psalm 116:15)*



## 25th Year in GOD'S presence

24-09-2020

# T.S.SKARIAH

**St.Mary's, Thottathil**
**Thuruthicad, Thiruvalla.**

In Loving Remembrance,
Wife : Mariamma Skariah

Children : Er. Binu Skariah
Adv. Thomas Skariah
Dr. Shyno Manoj

In-Laws : Jessy Binu (Teacher)
Dr. Deepa Thomas
Manoj Abraham IPS

Grand Children & Great grand child

Advt -O

## 1-ാം ചരമവാർഷികം

30-09-2020



## 10-ാം ചരമവാർഷികം

15-10-2020



Advt -O

# കെ.ഐ. ചാക്കോ

(കുട്ടപ്പായി ഉപദേശി)

# തങ്കമ്മ ചാക്കോ

**കൊന്നയിൽ പള്ളത്ത്, കല്ലിശ്ശേരി**

*യേശുരാജൻ നാട്ടിൽ വാനസേനയൊത്ത്, ഗീതകങ്ങൾ പാടിയാർക്കുമേ, അല്ലലില്ലാ നാട്ടിൽ എന്റെ സ്വർഗ്ഗവീട്ടിൽ നാഥനുമായ് പാടിയാർക്കുമേ.*



## 1 –ാം ചരമവാർഷികം

23–09–2020

# എ. പി. ഏബ്രഹാം (ബാബു)

എട്ടൊന്നിൽ, കല്ലിശ്ശേരി

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2 –ാം ചരമവാർഷികം

11–9–2020



# M. C. ഉണ്ണിട്ടൻ (ബേബി)

മുട്ടാണിശ്ശേരിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, കൊച്ചുമക്കൾ*

Advt -O

## 1 –ാം ചരമവാർഷികം

30- 09 -2020



# PUNNOOSE MATHEW (കുട്ടച്ചൻ)

## (Rtd. DTO)

**Nedungttathu House, Cherupuncha,
Peringnad P.O., Adoor**

"സ്വർഗ്ഗീയ കനാനിൽ ഒരുനാൾ ഒരുമിച്ച് കാണാം എന്ന
പ്രത്യാശയോടെ മരിക്കാത്ത ഓർമ്മകളുമായി "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 3rd Death Anniversary
27-09-2020



**Abin Abraham**
Elayasseril, Kuttoor, Thiruvalla
"You will live forever in our heart's"
By Loving Family

Advt - O

## ഒന്നാം ചരമവാർഷികം
15-09-2020



**മറിയാമ്മ കുരുവിള**
കിഴക്കേകാഞ്ഞിരക്കാട്ട്, വാകത്താനം
പ്രത്യാശകളോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 6-ാം ചരമവാർഷികം
08-09-2020



**Valsamma Thankachen**
Ottathycal, Ranni
By Sorrowing Family

Advt - O

## 5-ാം ചരമവാർഷികം
17- 09 -2020

## 23-ാം ചരമവാർഷികം
30- 12 -2020





**മേരിക്കുട്ടി തോമസ്** | **കെ. റ്റി. തോമസ്**

കണ്ണന്താനത്ത്,
പഴവങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

# 20th Death Anniversary

16-09-2020



Advt -O

## ALEYAMMA ABRAHAM

**(Leelamma)**

**W/o V.C. Abraham (Raju)**
**Vennuvillathu, Kallissery**

Life can never be the same again, when someone we love is gone. But God's promises bring hope and comfort

Sorrowing Family

# രണ്ടാം ചരമവാർഷികം

11- 09 -2020




Advt -O

## M.P.KURIAN

**മംഗലത്ത്, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*



# ഒന്നാം ചരമവാർഷികം

25-09-2020

## K. C. CHACKO

**(കുഞ്ഞൂഞ്ഞുകുട്ടി)**
**താന്നിയ്ക്കൽ,**
**തൃക്കോതമംഗലം,**
**വാകത്താനം**

Advt - O

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ

## 2 –ാം ചരമവാർഷികം

**20 – 09 – 2020**



## കുരുവിള തോമസ് (ബേബി)

**(Rtd. CRPF)**

**താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ**

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 10 –ാം ചരമവാർഷികം

**02 – 09 – 2020**



## കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)

**കല്ലൻകുന്നിൽ, വള്ളംകുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 30th Death Anniversary

**27 – 09 – 2020**

## LIZY THOMAS

**Kadaketh Happy Villa,
Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 4 – ാം ചരമവാർഷികം

**22 – 09 – 2020**



Advt - S

## തോമസ് ചെറിയാൻ (ബാബു)

**കോയിക്കൽ, അങ്ങാടി, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

**06 – 09 – 2020**



Advt - O

## പി. എം. തോമസ്

**(കുഞ്ഞുമോൻ) (77)**

**പാലന്തറ, അങ്ങാടി, റാന്നി**

ഭാര്യ: ലീലാമ്മ തോമസ്
മക്കൾ: ബിനു തോമസ് (ഓസ്ട്രേലിയ) സുനു, അനു (ബെഹ്റിൻ)
മരുമക്കൾ: മഞ്ഞുമാങ്കൽ സജി റാന്നി, തൈക്കൂട്ടത്തിൽ റെജി (ബെഹ്റിൻ)
ഷൈനി എരുമത്തറ (ഓസ്ട്രേലിയ)

## 1 – ാം ചരമവാർഷികം

**23 – 09 – 2020**



Advt - O

## എം. എസ്. ചാക്കോ (ജോണി)

**കാവനാൽ, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം

**19 – 09 – 2020**



Advt -O

## ചാച്ചിക്കുട്ടി മാത്യു

**കരിക്കാറ വീട്, തുരുത്തിക്കാട്**

***Lots of Love and Prayers***

**Ryan Mobin, Nysa Mobin, Mikhael Tobin**

Sorrowing Family

# നന്മ ചെയ്യുക

ഫാ. സിജിൽ ജോസ്, വിലങ്ങൻപാറ

ഇംഗ്ലണ്ടിലെ തീരെ ദരിദ്രമായ ഒരു കുടുംബത്തിലായിരുന്നു കൊച്ചുമൈക്കിളിന്റെ ജനനം. ആഹാരത്തിനു പോലും വകയില്ലാത്ത ഒരു കുടുംബം. ഒരു ആഴ്ചത്തെ വിശപ്പ് മാറ്റാൻ അവന് കിട്ടിയിരുന്നത് ഒരു റൊട്ടി മാത്രമാണ് അങ്ങനെ മുഴു പട്ടിണിയിൽ വളർന്നു. എങ്ങനെ എങ്കിലും ദാരിദ്ര്യം മാറ്റണം എന്ന ചിന്ത അവനിൽ വളർന്നു. 13-ാം വയസ്സിൽ പുസ്തകശാലയിൽ പുസ്തകങ്ങൾ തുന്നിക്കെട്ടുന്ന ഒരു ജോലി ലഭിച്ചു. വളരെ തുച്ഛമായ കൂലി ആണെങ്കിലും തുന്നിക്കെട്ടുവാൻ കൊണ്ടുവരുന്ന പുസ്തകങ്ങൾ വായിക്കാൻ കിട്ടുമല്ലോ എന്ന ചിന്ത അവനെ സന്തോഷിപ്പിച്ചു. അങ്ങനെ ജോലിക്കിടയിൽ വീണുകിട്ടുന്ന സമയം അവൻ താല്പര്യത്തോടെ വായനയ്ക്ക് ചെലവഴിച്ചു.

ശാസ്ത്ര പുസ്തകങ്ങളായിരുന്നു അവന് കൂടുതൽ താൽപര്യം. ഇതിനിടയിൽ ലോക പ്രശസ്തനായ സർ ഹംഫ്രി ഡേവിയുടെ പ്രഭാഷണം ഇംഗ്ലണ്ടിലെ ഒരു ഓഡിറ്റോറിയത്തിൽ നടക്കുവാൻ പോകുന്നു എന്ന കാര്യം കൊച്ചു മൈക്കിൾ അറിഞ്ഞു. മുൻകൂട്ടി ടിക്കറ്റ് എടുക്കുന്നവർക്ക് മാത്രമേ ഹാളിൽ പ്രവേശനം ഉള്ളു. ടിക്കറ്റ് എടുക്കാൻ അവന്റെ കൈയ്യിൽ പണമില്ല. കൊച്ചു മൈക്കിളിന്റെ ആർത്തിയോടെയുള്ള വായന പുസ്തകശാലയിലെ സെയിൽസ്മാൻ റോബർട്ട് കിക്ക് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അന്ന് ജോലി കഴിഞ്ഞ് പോകുമ്പോൾ കൊച്ചുമൈക്കിളിനെ വിളിച്ചു പറഞ്ഞു നീ ഹംഫ്രി ഡേവിയുടെ പ്രഭാഷണം കേൾക്കാൻ പോകണം. നാല് ദിവസമുണ്ട് പ്രഭാഷണം, എല്ലാ ദിവസവും നീ പോകണം. നിന്റെ ശാസ്ത്രവായന എന്നെ അത്ഭുതപ്പെടുത്തുന്നു. നാളെ നീ വലിയൊരു ശാസ്ത്ര പ്രതിഭയായി വളരുമെന്നാണ് എന്റെ പ്രതീക്ഷ. അദ്ദേഹം നാല് ടിക്കറ്റ് എടുത്ത് കൊച്ചു മൈക്കിളിന് നൽകി. അവൻ നാല് ദിവസം പ്രഭാഷണം കേൾക്കാൻ പോയി. കൊച്ചു മൈക്കിൾ സർ ഹംഫ്രി ഡേവിയുടെ ശിഷ്യനായി താമസിയാതെ മാറി. ഈ കൊച്ചു മൈക്കിളാണ് പിൽക്കാലത്ത് ഇലക്ട്രിസിറ്റി കണ്ടു പിടിച്ച മഹനായ ശാസ്ത്രജ്ഞൻ മൈക്കിൾ ഫാരഡേ. ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ടത്. കൊച്ചു മൈക്കിളിനെ മഹാനായ മൈക്കിൾ ഫാരഡേ എന്ന ശാസ്ത്രജ്ഞൻ ആകുവാൻ നാല് ടിക്കറ്റ് നൽകി സഹായിച്ച സെയിൽസ്മാൻ റോബർട്ട് കിക്കിന്റെ വലിയ നന്മയാണ്. അദ്ദേഹം ചെയ്ത ചെറിയ നന്മ കൊച്ചു മൈക്കിളിന് വലിയ വഴി തുറന്നു കൊടുത്തു. ഈ സംഭവം നമ്മെ പഠിപ്പിക്കുന്ന ഒരു കാര്യമുണ്ട്, നമ്മൾ ചെയ്യുന്ന ഓരോ ചെറിയ നല്ല പ്രവർത്തിപോലും മറ്റൊരുവന്റെ വലിയ സഹായമായിത്തീരുമെന്നത്.

സ്വീഡനിലെ ഒരു ക്രൈസ്തവ മിഷനറിയുടെ മകളായിരുന്നു ഇൻഗ്രീഡ് മൺറോ. ഇവർ സ്വീഡിഷ് ഗവൺമെന്റിലെ ഉദ്യോഗസ്ഥയായിരുന്നു. താമസിയാതെ ഇവർ ജോലി രാജിവെച്ച് ഒരു ചാരിറ്റി പ്രസ്ഥാനത്തിന്റെ തലപ്പത്ത് എത്തി. 1985 ൽ ആഫ്രിക്കയിലെ കെനിയ എന്ന രാജ്യം മുഴുവൻ ഇവർ ചുറ്റി സഞ്ചരിച്ചു, ആ രാജ്യം മുഴുവൻ നേരിടുന്ന പ്രശ്നം ദാരിദ്ര്യമാണെന്ന് അവർ തിരിച്ചറിഞ്ഞു. അവരുടെ ശ്രമഫലമായി മൈക്രോ ഫിനാൻസ് ആരംഭിച്ചു. ആ നാടിനെത്തന്നെ അവർ മാറ്റി മറിച്ചു. തെരുവിലെ മനുഷ്യരെയും ഗുണ്ടകളെയും അവരുടെ ശ്രമഫലമായി നല്ല മനുഷ്യരാക്കി മാറ്റി അവരെ സംഘടിപ്പിച്ച് 'ജാമബോറിയ' എന്ന പ്രസ്ഥാനം അവർ പടുത്തുയർത്തി. ഈ നന്മയുള്ള സ്ത്രീയുടെ നന്മ പ്രവർത്തികൾ മൂലം കെനിയ എന്ന ആഫ്രിക്കൻ രാജ്യത്തിന് വലിയ മാറ്റങ്ങൾ ഉണ്ടായി.

ക്രൈസ്തവരായ നമ്മൾ നന്മ ചെയ്യാൻ വിളിക്കപ്പെട്ടവരാണ്. ചിലപ്പോൾ പണത്തിന്റെ രൂപത്തിലാകാം, സ്നേഹത്തിന്റെ രൂപത്തിലാകാം, ആശ്വാസ വാക്കുകളുടെ രൂപത്തിലാകാം അല്ലെങ്കിൽ മറ്റു രൂപത്തിലാകാം മറ്റുള്ളവർക്ക് നന്മ ചെയ്യേണ്ടത്.

യഹൂദരുടെ മതഗ്രന്ഥമായ തൽമൂദിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു "ദരിദ്രർക്കു ധർമ്മം കൊടുക്കുന്നവൻ മോശയെക്കാൾ മഹാനാണ്". തൽമൂദിൽ വീണ്ടും പറയുന്നു. "ആരെങ്കിലും ഒരു പാവപ്പെട്ടവന് ഒരു ചില്ലിക്കാശ് നൽകിയാൽ അയാൾക്ക് ആറ് അനുഗ്രഹങ്ങൾ ലഭിക്കും. എന്നാൽ ആരെങ്കിലും മറ്റൊരാളോട് ദയാപൂർവ്വം ഒരു വാക്ക് പറഞ്ഞാൽ അയാൾക്ക് പതിനൊന്ന് അനുഗ്രഹങ്ങൾ ലഭിക്കും എന്ന്.

തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മനോഹരമായ സംഭവമാണല്ലോ 'കാനാവിലെ കല്യാണവിരുന്ന്'. ആ കല്യാണവീട്ടിൽ വീഞ്ഞ് തീർന്നുപോയി അപമാനഭാരത്താൽ ആ ഭവനത്തിലുള്ളവർ തകർന്നുപോകുമായിരുന്നു. എന്നാൽ പ. ദൈവമാതാവ് ആ കുടുംബം ആവശ്യപ്പെടാതെ തന്നെ അവിടെ ഇടപെടുന്നതും തന്റെ പുത്രനായ ദൈവകുമാരനെക്കൊണ്ട് ആ കുടുംബത്തിന്റെ വേദനയകറ്റുന്നതും തിരുവചനത്തിൽ എത്ര മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. ആരും ആവശ്യപ്പെടാതെ തന്നെ മറ്റുള്ളവരുടെ വേദന മനസ്സിലാക്കി പരി.അമ്മ ചെയ്ത ആ വലിയ നന്മ രണ്ടായിരത്തിൽപരം വർഷം കഴിഞ്ഞിട്ട് ഇന്നും ചരിത്ര സ്മരണയായി നിലനിൽക്കുന്നു. ഈ സംഭവത്തിലൂടെ ദൈവമാതാവ് നമ്മെ ഓർമ്മപ്പെടുത്തുകയാണ് നന്മ ചെയ്യാൻ നമ്മൾ മടി കാണിക്കരുത് എന്ന്.

യേശു തമ്പുരാൻ പോലും അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരത്തിലധികമാളുകളെ തീറ്റി തൃപ്തിപ്പെടുത്താൻ കാരണം അഞ്ച് അപ്പവും രണ്ട് മീനും കൊടുക്കാനുള്ള ആ ബാലന്റെ മനസ്സിന്റെ വലിപ്പം കാരണമാണല്ലോ. ആ ചെറുബാലൻ ചെയ്ത ആ വലിയ നന്മ ഇന്നും എന്നും സുവിശേഷത്തിലൂടെ പ്രഘോഷിക്കപ്പെടും. അതെ, നമ്മൾ ചെയ്യുന്ന ഓരോ ചെറു നന്മകളും അണയാത്ത പ്രകാശമായി എന്നും നിലനിൽക്കും.

മദർ തെരേസ കൽക്കട്ടയിൽ പ്രവർത്തിച്ചിരുന്ന നാളുകളിൽ നടന്ന ഒരു സംഭവം ഇപ്രകാരമായിരുന്നു, കൽക്കട്ടയിലെ കോൺവെന്റിനടുത്തുള്ള ഒരു പാവപ്പെട്ട ഹിന്ദു കുടുംബം മൂന്നു ദിവസമായി പട്ടിണിയിലാണെന്ന് മദർ അറിഞ്ഞു. ഉടൻതന്നെ അത്താഴത്തിനുണ്ടായിരുന്ന അരിയുടെ

*ശേഷം 40 – ാം പേജിൽ*

# സംഭാഷണം- ഒരു കല

റ്റി.സി തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

ഹോ! വർത്തമാനം പറഞ്ഞിരുന്നു നേരം പോയതറിഞ്ഞില്ല എന്ന ഖേദപ്രകടനത്തോടെ സന്തോഷിക്കുന്നവരെയും, അവന്റെ സംസാരം കേട്ടാൽ ഓടി പോകാൻ തോന്നും എന്ന് അമർഷം കൊള്ളുന്നവരെയും നിങ്ങൾ കണ്ടിരിക്കും. ഒരു അറുബോറന്റെ ലാത്തിയടിയിൽ നിന്ന് രക്ഷപെടാൻ വഴിമാറി പോകേണ്ട അവസരങ്ങളും പലർക്കുമുണ്ടാകാം.

സംഭാഷണം ഒരു കലയാണ്. മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ് ഭാഷയും സംഭാഷണവും. ആശയങ്ങൾ, വികാരങ്ങൾ, അനുഭവങ്ങൾ തുടങ്ങിയവ പ്രകടിപ്പിക്കാനുള്ള ഉപകരണമെന്ന നിലയിൽ സംഭാഷണം വളരെ പ്രാധാന്യമർഹിക്കുന്നു. മനുഷ്യന്റെ പൗരാണികവും പുരാതനവുമായ ആത്മീയ കൃതികളെല്ലാം വാമൊഴി രൂപത്തിലായിരുന്നു ആദ്യകാലത്ത് പ്രചരിച്ചിരുന്നത്. സമൂഹത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക, രാഷ്ട്രീയ വിദ്യാഭ്യാസ വ്യാപാരരംഗം തുടങ്ങി സമസ്ത മേഖലകളുടെയും പുരോഗതിക്ക് സംഭാഷണം അനിവാര്യഘടകമാണ്. ആളുകളെ സ്വാധീനിക്കാനും സുഹൃത്തുക്കളെ നേടാനും വിജയം കൈവരിക്കാനും സംഭാഷണകല കൂടിയേ തീരു. നല്ല സംഭാഷണം എപ്പോഴും രസകരവും മര്യാദയുള്ളതും ഊഷ്മളമായതും പിരിമുറുക്കം കുറയ്ക്കുന്നതും താളാത്മകവും ആശ്വാസപ്രദവുമായിരിക്കും.

സൗമ്യമായ സംസാരം കോപത്തെ ശമിപ്പിക്കുന്നു. അധികം സംസാരിക്കുന്നവർ ചോർച്ചയുള്ള പാത്രങ്ങൾ പോലെയാണ്. യാതൊന്നും അതിൽ നിലനിൽക്കുകയില്ല. സംസാരം വെള്ളിയാണെങ്കിൽ മൗനം സ്വർണ്ണവും (Speech is Silver and Silence is Golden) എന്ന തത്വമനുസരിച്ച് സംസാരിക്കുന്നവരും ധാരാളമുണ്ട്. സംഭാഷണം ഒരു ടെന്നീസ് കളിപോലെ കിട്ടുന്ന രീതിക്കു മടക്കി കൊടുക്കണം എങ്കിലേ രസമുണ്ടാകൂ. സംസാരത്തിനിടയിൽ ചിരി അമൂല്യഘടകമാണ്. മറ്റൊരുവനെ പ്രേരിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും നിങ്ങളിലെ ചിരി പ്രധാന പങ്കുവഹിക്കുന്നു. സൗഹൃദത്തോടുകൂടിയ പുഞ്ചിരി അപരനെ സംസാരം തുടരുവാനും പ്രേരിപ്പിക്കും. നല്ലൊരു സംഭാഷകനാകാൻ വേണ്ട മറ്റൊരു ഗുണം നല്ലൊരു ശ്രോതാവാകുക എന്നതാണ്. ചിലപ്പോൾ സംസാരിക്കുന്നതിലും വിഷമമായിരിക്കും അതു കേട്ടിരിക്കുന്നത്. അവനവനെപ്പറ്റിയുള്ള സംസാരം കുറയ്ക്കണം. നമ്മുടെ പ്രയാസങ്ങളും കഷ്ടപ്പാടുകളും വേദനകളും സുഖങ്ങളും മറ്റും മാത്രം പറഞ്ഞുകൊണ്ടിരിക്കാതെ മറ്റുള്ളവരുടെ പ്രശ്നങ്ങളും കേൾക്കാൻ തയ്യാറാകണം.

ചിലർ തങ്ങളെ ശ്രദ്ധിക്കാനായി ശ്രോതാവിന്റെ തോളിലും മറ്റും അടിച്ചുകൊണ്ടിരിക്കുന്ന ദുഃശീലം ഒഴിവാക്കേണ്ടതാണ്. വളരെ പ്രധാനപ്പെട്ട കാര്യം കാലു തെറ്റിയാൽ എങ്ങനെയും രക്ഷപെടാം. എന്നാൽ നാവുതെറ്റിയാൽ ബുദ്ധിമുട്ടാണ് എന്നതാണ്. ചൊല്ലാത്തവാക്ക് ഉറയ്ക്കുള്ളിലെ വാളാണ് പറഞ്ഞുപോയാൽ നാം വാൾ മറ്റൊരാളെ ഏല്പിക്കുന്നു. പണ്ഡിതനെപ്പോലെ എഴുതുകയും പാമരനെപ്പോലെ സംസാരിക്കുകയും വേണമെന്ന് മഹാഭാരതം ഉപദേശിക്കുന്നു. സംഭാഷണത്തിനുള്ള കഴിവ് ജീവിത വിജയത്തിനു തന്നെ വളരെ പ്രയോജനപ്പെടുന്നു. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ വളരെ ശ്രദ്ധചെലുത്തണം.

ടെലിഫോൺ സംഭാഷണം ഇന്ന് നിത്യജീവിതത്തിന്റെ ഒരു ഭാഗമാണ്. ലോകത്തിന്റെ ഏതു കോണിലുള്ള വ്യക്തികളുമായി നിമിഷനേരംകൊണ്ട് ആശയവിനിമയം നടത്താൻ ഇന്നു സാധിക്കുന്നു. പക്ഷേ ഇവിടെ ശ്രദ്ധിക്കേണ്ട ചില പ്രാഥമിക മര്യാദകൾ ഉണ്ട്. അപകടത്തിൽപെട്ട ഒരാളെ അടിയന്തിര ശസ്ത്രക്രിയ നടത്താൻ ആശുപത്രിയിൽ നിന്നും വിളിച്ചതനുസരിച്ച് പുറപ്പെടാൻ തുടങ്ങുമ്പോഴാണ് ഡോക്ടറുടെ വീട്ടിലെ ഫോൺ ബെല്ലടിക്കുന്നത്.

ഡോക്ടർ ഹലോ! ഹലോ!

ആരാണു സംസാരിക്കുന്നത്?

"ഞാൻ ചെന്നൈയിൽ നിന്നാ"

ചെന്നൈയിൽ നിന്ന് ആരാ

പറഞ്ഞല്ലോ ഞാനാ

ഡോക്ടർ- 'ഞാനോ'

അതെ എന്നെ മനസ്സിലായില്ലേ?

ഡോക്ടറല്ലേ ഒരു സംശയം ചോദിക്കാനാ

അല്ല ആരാണെന്നു പറഞ്ഞില്ലല്ലോ?

എന്നെ മനസ്സിലായില്ലേ ഒന്ന് ഓർത്തു നോക്കിയേ?

ഡോക്ടർ – പെട്ടന്നു മനസ്സിലാകുന്നില്ലല്ലോ? ഞാൻ രാജൻ ഇപ്പോൾ മനസ്സിലായില്ലേ.

ഡോക്ടർ- ഏതു രാജൻ

ഓ കഴിഞ്ഞമാസം തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്ക് നമ്മൾ ഒരുമിച്ച് ട്രെയിനിൽ യാത്രചെയ്തപ്പോൾ പരിചയപ്പെട്ടായിരുന്നല്ലോ?

പല ഫോൺ കോളുകളും തുടങ്ങുന്നത് ഇത്തരത്തിൽ വിലപ്പെട്ട സമയവും പണവും നഷ്ടപ്പെടുത്തികൊണ്ടാണ്. ഫോണിൽ സംസാരിക്കുമ്പോൾ ആദ്യം തന്നെ വിളിക്കുന്ന വ്യക്തിയും സ്വീകർത്താവും സ്വന്തം ഐഡന്റിറ്റി വ്യക്തമായി വെളിപ്പെടുത്തണം. ചിലപ്പോൾ അത്യാവശ്യമായി വിളിക്കുന്ന ചില അന്താരാഷ്ട്ര കോളുകൾ കുട്ടികൾ എടുത്ത് വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തണം.

സംഭാഷണം എന്നത് വൺവേ ട്രാഫിക്ക് അല്ലെന്ന് നാം മനസ്സിലാക്കിയിരിക്കണം. "മൗനം വിദ്വാനുഭൂഷണം" വിദ്വാനാണെങ്കിലും എന്തിനും ഏതിനും അഭിപ്രായം പറയുന്നത് ശരിയല്ല. വാക്കിൽ പിഴയും നെല്ലിൽ പതിരും എന്ന് ഓർക്കണം. സംഭാഷണത്തിൽ വാക്കുകൾക്കെല്ലാം നിഘണ്ടുവിലെ അർത്ഥം എടുക്കുന്നത് അനർത്ഥങ്ങൾക്കു വഴിവയ്ക്കും. നർമ്മരസത്തിൽ പറയുന്നത് ഗൗരവത്തോടെ അർത്ഥമെടുത്തു വ്യാഖ്യാനിച്ചാൽ സ്നേഹിതർ ശത്രുക്കളാകാനും

കവിത

# മുടിയനായ പുത്രൻ

സണ്ണി ചാക്കോ, കുഴിപറമ്പിൽ, കറ്റോട്

ഒരിക്കൽ ആ നാട്ടിൽ വളർന്നു രണ്ടു പേർ
ധനികനപ്പന്റെ അരുമ മക്കളായ്
ചെറിയ പ്രായത്തിൽ പെരുത്ത സ്നേഹത്താൽ
പിരിഞ്ഞിരിക്കാതെ അടുപ്പം കാണിച്ചു
കടന്നു പോയ് കാലം കാത്തുനില്ക്കാതെ
വളർന്നവർ രണ്ടും വലിയവരായി
ലോക മോഹത്തിൽ വലയിൽ പെട്ടുപോയ്
ഇളയവൻ പിന്നെ പറഞ്ഞിട്ടെന്തുള്ളൂ...
ഒരിക്കലപ്പന്റെ അരികിലെത്തിയിട്ട്
വിഹിതം വാങ്ങി വിലക്കു വിറ്റവൻ
പണക്കിഴിയുമായി അകന്നു പോയതൻ
മകനെ ഓർത്തിട്ട് കരഞ്ഞുപോയപ്പൻ
നനഞ്ഞ കണ്ണിൽ നിന്നടർന്നു വീണതോ
പെരുത്ത ദുഃഖത്തിൻ കനൽ കണങ്ങൾ
അടുത്തു കൂട്ടുകാർ കപട സ്നേഹിതർ
അടുത്തു വന്നവർ അടുപ്പം കാണിച്ചു
അതിവ്യയം കൊണ്ടധികം വൈകാതെ
പണമെല്ലാം തീർന്നധപ്പതിച്ചവൻ
കടന്നുപോയവർ കപടസ്നേഹിതർ
അടുത്ത ആളിനെ തരപ്പെടുത്തുവാൻ
പെരുത്ത വിശപ്പു സഹിക്ക വയ്യാതെ
പകച്ചിരുന്നു പോയ് തുറിച്ച കണ്ണുമായ്
വളർത്തും പന്നിതൻ വാളവര പോലും
ലഭിച്ചിടാതവൻ തളർന്നിരുന്നുപോയ്
അനുസ്മരിച്ചവൻ പിരിഞ്ഞ ഗേഹത്തിൻ
സമൃദ്ധഭാവങ്ങൾ, തികഞ്ഞ സന്തോഷം
തികട്ടി വന്നുള്ളിൽ പിരിഞ്ഞ നേരത്തെ
കരഞ്ഞയപ്പന്റെ ദൈന്യ ഭാവങ്ങൾ
മടങ്ങിപ്പോകും ഞാൻ കരം ഗ്രഹിച്ചീടും
കാൽക്കൽ വീണു ഞാൻ മാപ്പിനായ് കേഴും
പൊറുക്കുമെന്നോട് ക്ഷമിച്ചീടുമപ്പൻ

അധികം വൈകാതെ മടങ്ങിപ്പോയി ഞാൻ
അകലമേ അപ്പൻ തിരിച്ചറിഞ്ഞീടുന്നു
വരിഞ്ഞു കൈകളാലാശ്ലേഷിച്ചീടുന്നു
വിരിഞ്ഞ മാറിൽ ഞാനമർന്നുപോകുന്നു
'ആമലകീഫലം' പോലെ ബാഷ്പാഞ്ജലി.
പാപിയാണപ്പാ ഞാൻ പാതകം ചെയ്തുപോയ്
പശ്ചാത്തപിക്കുന്നു ഞാൻ മാപ്പു നല്കീടണേ...
കമന്നു വീണപ്പന്റെ കാല്ക്കൽ പിടിക്കുന്നു
കുതൂഹലത്തോടെ നിന്നുപോയ് വാല്യക്കാർ
അപ്പന്റെ ആജ്ഞകൾ കേൾക്കേണ്ട താമസം
അലങ്കാര വസ്ത്രങ്ങൾ അണിയിച്ചു വാല്യക്കാർ
കാലിൽ ചെരുപ്പും മോതിരവും വന്നു
സദ്യക്ക് കേമമായ് തടിപ്പിച്ച കാളയും
എല്ലാം ശരിയായ് സന്തോഷിച്ചീടുമ്പോൾ
വയലിലെ വേലകൾ കഴിഞ്ഞെത്തി മൂത്തവൻ
എന്താണിവിടിത്ര പെട്ടന്നു സംഭവ്യം
കാര്യം തിരക്കി പരിചാരകനോട്
മുടിയനാം അനുജൻ തിരിച്ചുവന്നേമാനെ
കടന്നു വന്നപ്പനോടനിഷ്ടം കാണിച്ചവൻ
എത്രയോ നാളുകൾ വേല ചെയ്തീ സാധു
സന്തോഷിച്ചീടുവാൻ എന്തെങ്കിലും തന്നോ
മുടിയനാ പുത്രൻ തിരിച്ചു വന്നപ്പോൾ നീ....
മകനെ നീ എന്നെ കരയിപ്പിച്ചീടല്ലേ
എനിക്കുള്ളതെല്ലാം നിനക്കുള്ളതല്ലേടാ
മുടിയനാമനുജൻ മടങ്ങി വന്നപ്പോൾ നാം...
